


PUBLISHED FROM KOZHIKODE & THIRUVANANTHAPURAM
www.newskeraladaily.in
കോഴിക്കോട് & തിരുവനന്തപുരം

# ന്യൂസ് കേരള

Estd:1993 പുസ്തകം 29 ലക്കം 137




2022 ജൂൺ 16 വ്യാഴം ■ Editor: NIZAR OLAVANNA ■ General Editor : C.M.K PANICKER


## മലപ്പുറത്ത് വൻ കുഴൽപ്പണ വേട്ട

### കാറിനകത്ത് രഹസ്യഅറ, നോട്ടുകെട്ടുകളുടെ കൂമ്പാരം

മലപ്പുറം: മേലാറ്റൂരിൽ കാറിൽ ഒളിപ്പിച്ച് കടത്തിയ ഒരു കോടി രൂപയുടെ കുഴൽപ്പണവുമായി രണ്ടുപേർ പിടിയിൽ.

ആലപ്പുഴ ഹരിപ്പാട് സ്വദേശികളായ ബാസിത്(24) മഹേഷ്(29) എന്നിവരെയാണ് 1.15 കോടി രൂപയുടെ കുഴൽപ്പണവുമായി മേലാറ്റൂർ പോലീസ് പിടികൂടിയത്. ഇവർ സഞ്ചരിച്ചിരുന്ന കാറും പണവും പോലീസ് പിടിച്ചെടുത്തു.

രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മേലാറ്റൂർ കാഞ്ഞിരംപാറയിൽ പോലീസ് നടത്തിയ വാഹനപരിശോധനയിലാണ് കുഴൽപ്പണം പിടിച്ചെടുത്തത്.


*മേലാറ്റൂരിൽ പോലീസ് പിടിച്ചെടുത്ത കുഴൽപ്പണം*

പ്രതികൾ സഞ്ചരിച്ചിരുന്ന കാറിന്റെ പ്ലാറ്റ്ഫോമിൽ രഹസ്യ അറ നിർമിച്ചാണ് പണം ഒളിപ്പിച്ചിരുന്നത്. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

## വിമാനഇന്ധനത്തിന് വില കുത്തനെ കൂട്ടി

ന്യൂഡൽഹി: വിമാന യാത്രയ്ക്കു ചെലവേറാൻ കളമൊരുങ്ങി. വിമാന ഇന്ധനത്തിന് എണ്ണക്കമ്പനികൾ വില വർധിപ്പിച്ചതോടെ ടിക്കറ്റ് നിരക്ക് ഉയർത്താനുള്ള ആലോചനയിലാണു വിമാനക്കമ്പനികൾ. കോവിഡ് കാലത്തെ അടച്ചിടൽ കഴിഞ്ഞു യാത്രകൾ പുനരാരംഭിച്ചവർക്കു തിരിച്ചടിയാകുന്ന തീരുമാനമാണിത്.

വിമാന ഇന്ധനമായ എടിഎഫിന്റെ (ഏവിയേഷൻ ടർബൈൻ ഫ്യുവൽ) വിലയിൽ 16.3 ശതമാനം വർധന വരുത്തിയതോടെ 1000 ലീറ്ററിന്റെ വില 1.41 ലക്ഷം രൂപയായി. ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും വലിയ വിലയാണിത്. ഇത്രയും വിലക്കയറ്റം താങ്ങാനാകില്ലെന്നു വിമാനക്കമ്പനികൾ പറയുന്നു. 'ഈ വിലയിൽ കമ്പനിക്കു മുന്നോട്ടു പോകാനാവില്ല. ടിക്കറ്റ് നിരക്കിൽ കുറഞ്ഞത് 10–15 ശതമാനം വർധന ആവശ്യമാണ്' സ്പൈസ്ജെറ്റ് സിഎംഡി അജയ് സിങ് പറഞ്ഞു.

വാറ്റും എക്സൈസ് നികുതിയും ഉൾപ്പെടുന്നതിനാൽ എടിഎഫിനു മറ്റിടങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ വില കൂടുതലാണെന്നും കമ്പനികൾ പറയുന്നു.

വിമാന സർവീസുകൾ കൂടുതലുള്ള ഡൽഹി, മുംബൈ നഗരങ്ങളിലെ ഭരണകൂടമോ കേന്ദ്ര സർക്കാരോ എടിഎഫിനു നികുതി ഇളവ് നൽകാൻ തയാറുമല്ല. അതിനാലാണു ടിക്കറ്റ് നിരക്ക് ഉയർന്നു നിൽക്കുന്നതും.

2021 ജൂൺ മുതൽ 120 ശതമാനം വർധനയാണ് എടിഎഫ് വിലയിൽ ഉണ്ടായതെന്ന് അജയ് സിങ് ചൂണ്ടിക്കാട്ടി.

## ഷാർജയിൽ കോളജിന് ഭൂമി ലഭിക്കാൻ ശ്രീരാമകൃഷ്ണൻ കൈക്കൂലി നൽകിയെന്ന് സ്വപ്ന

തിരുവനന്തപുരംന്മ സ്വർണക്കടത്ത് കേസ് പ്രതി സ്വപ്ന സുരേഷിന്റെ സത്യവാങ്മൂലത്തിൽ മുൻ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, മുൻമന്ത്രി കെ.ടി.ജലീൽ എന്നിവർക്കെതിരെ ഗുരുതര ആരോപണങ്ങൾ ഷാർജയിൽ സുഹൃത്തിന്റെ കോളജിന് ഭൂമി ലഭിക്കാൻ ശ്രീരാമകൃഷ്ണൻ വഴിവിട്ട് ഇടപെട്ടു എന്നും കോൺസുലേറ്റ് ജനറലിന് കോഴനല്കിയെന്നും സ്വപ്ന ആരോപിക്കുന്നു. ഷാർജാ ഭരണാധികാരിക്ക് ഡി.ലിറ്റ് നല്കാൻ ജലീൽ സമ്മർദം ചെലുത്തിയെന്നും സത്യവാങ്മൂലത്തിലുണ്ട്.

സുഹൃത്ത് നിയന്ത്രിക്കുന്ന മിഡിൽ ഈസ്റ്റ് കോളജിന് ഷാർജയിൽ ഭൂമി ലഭിക്കാനായി വഴിവിട്ട് ഇടപെട്ടു എന്നാണ് പി.ശ്രീരാമകൃഷ്ണനെതിരായ


സ്വപ്ന സുരേഷ്


പി.ശ്രീരാമകൃഷ്ണൻ

ആരോപണം. ഇതിനായി ഷാർജാ ഭരണാധികാരിയുമായി കൂടിക്കാഴ്ച നടത്തി. ഇടപാടുകൾ വേഗത്തിലാക്കാൻ കോൺസുലേറ്റ് ജനറലിന് ശ്രീരാമകൃഷ്ണൻ കൈക്കൂലി കൊടുത്തെന്നു സത്യവാങ്മൂലത്തിലുണ്ട്. സരിത്തിനെയാണ് പണമടങ്ങിയ ബാഗ് ഏല്പ്പിച്ചത്. കോൺസുലേറ്റ് ജനറലിന് പണം നല്കിയശേഷം ബാഗ് സരിത്തെടുത്തു. ഇത് സരിത്തിന്റെ വീട്ടിൽ നിന്ന് കസ്റ്റംസ് പിടിച്ചെടുത്തതായും സ്വപ്ന ആരോപിക്കുന്നു. സ്വർണക്കടത്തിലും കള്ളപ്പണ ഇടപാടിലുമെല്ലാം കേന്ദ്ര ഏജൻസികൾ അന്വേഷണം തുടങ്ങിയപ്പോൾ തന്നെ ആരോപണ നിഴലിലായ വ്യക്തികളാണ് ജലീലും ശ്രീരാമകൃഷ്ണനും.

മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്ളൈ ലോജിസ്റ്റിക് ഉടമ മാധവൻ വാര്യർ കെ.ടി.ജലീലിന്റെ ബിനാമിയാണെന്ന് സ്വപ്ന ആരോപിക്കുന്നു.

ജലീലിന്റെ ഇടപാടുകൾക്ക് മാധവൻ വാര്യർ മുന്നിൽ നിന്നിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള കോൺസുലേറ്റ് വഴിയും ജലീൽ ഖുറാൻ എത്തിച്ചുവെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

## 2025 നുള്ളിൽ ദേശീയപാത വികസനം പൂർത്തിയാക്കുമെന്ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ്

തിരുവനന്തപുരം : കാസർഗോഡ് തിരുവനന്തപുരം ദേശീയപാത ആറ് വരിയായി വികസിപ്പിക്കാനുള്ള നിർമ്മാണ പ്രവൃത്തികൾ 2025നുള്ളിൽ പൂർത്തിയാക്കുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. തിരുവനന്തപുരം-പൊന്മുടി റോഡിൽ നെടുമങ്ങാട് പഴകുറ്റി മുതൽ പൊന്മുടി വരെയുള്ള 37.948 കിലോമീറ്റർ റോഡിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ദേശീയപാത വികസനത്തിനൊപ്പം കേരളത്തിന്റെ സ്വപ്നപദ്ധതികളായ തീരദേശ പാതയും മലയോര ഹൈവേയും സമയ ബന്ധിതമായി പൂർത്തിയാക്കും. സംസ്ഥാനത്തെ പ്രധാന മലയോര വിനോദ സഞ്ചാര കേന്ദ്രമായ പൊന്മുടിയിലേക്കുള്ള റോഡ് വിനോദസഞ്ചാര മേഖലയ്ക്ക് പുത്തനുണർവേകുമെന്നും അദ്ദേഹം പറഞ്ഞു.

## ഇൻഡിഗോ മാനേജർ കണ്ണൂർ സ്വദേശി ഇ പി യുടെ പേര് ഒഴിവാക്കിയതിൽ പരാതി

തിരുവനന്തപുരം : വിമാനത്തിനുള്ളിൽ മുഖ്യമന്ത്രി പിണറായി വിജയനു നേരെ നടന്ന പ്രതിഷേധത്തെക്കുറിച്ച് വിമാനക്കമ്പനി മാനേജർ പൊലീസിനു നൽകിയ റിപ്പോർട്ടിനെതിരെ പരാതിയുമായി പ്രതിപക്ഷം.

എൽഡിഎഫ് കൺവീനർ ഇ.പി.ജയരാജന്റെ പേര് റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തത് സമ്മർദങ്ങൾക്കു വഴങ്ങിയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഇൻഡിഗോ സൗത്ത് ഇന്ത്യ മേധാവി വരുൺ ദ്വിവേദിയെ ഫോണിലൂടെ അറിയിച്ചു.

പരാതി രേഖാമൂലം നൽകാൻ വരുൺ ദ്വിവേദി അഭ്യർഥിച്ചതിനെ തുടർന്ന് പ്രതിപക്ഷ നേതാവിന്റെ ഓഫിസ് രേഖാമൂലം പരാതി നൽകി.

കണ്ണൂർ സ്വദേശിയായ വിമാനക്കമ്പനി മാനേജർ വ്യാജ റിപ്പോർട്ടാണ് നൽകിയതെന്നു പ്രതിപക്ഷ നേതാവ് പറഞ്ഞു. സംഭവം നടക്കുമ്പോൾ മുഖ്യമന്ത്രി വിമാനത്തിൽ ഇല്ലായിരുന്നു എന്ന് ഇ.പി.ജയരാജൻ മാധ്യമങ്ങളോടു പറഞ്ഞിട്ടുണ്ട്. പൊലീസ് സമ്മർദത്തിനും രാഷ്ട്രീയ സമ്മർദത്തിനും വഴങ്ങിയാണ് റിപ്പോർട്ട്.

മാനേജർക്കെതിരെ നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ട് പിൻവലിക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

സീറ്റ് ബൽറ്റ് ഊരാനുള്ള നിർദേശം വന്നപ്പോൾ പ്രതിഷേധക്കാർ മുദ്രാവാക്യം വിളികളുമായി മുഖ്യമന്ത്രിയുടെ അടുത്തേക്കു ചെന്നെന്നും മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്ന ആൾ തടഞ്ഞെന്നുമാണു വിമാനക്കമ്പനി മാനേജരുടെ റിപ്പോർട്ടിലുള്ളത്. ഇതിനുശേഷമാണ് മുഖ്യമന്ത്രി വിമാനത്തിൽനിന്ന് പോയതെന്നും റിപ്പോർട്ടിലുണ്ട്.

ഇ.പി.ജയരാജൻ ആരാണെന്നു പ്രാഥമികമായിതന്നെ തിരിച്ചറിയുമെന്നിരിക്കെ റിപ്പോർട്ടിൽ പേര് പരാമർശിക്കാത്തതു ദുരൂഹമാണെന്നും സതീശൻ വ്യക്തമാക്കുന്നു.

## എസ് എസ് എൽ സി റീവാലുവേഷന് ഇന്ന് മുതൽ അപേക്ഷിക്കാം, സേ പരീക്ഷ ജൂലൈയിൽ

തിരുവനന്തപുരം: എസ്എസ്എൽസി ഉത്തരകടലാസുകളുടെ പുൻമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോ കോപ്പി എന്നിവയ്ക്കുള്ള അപേക്ഷകൾ ഇന്ന് മുതൽ 21 വരെ ഓൺലൈനായി നൽകാവുന്നതാണെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി അറിയിച്ചു. സേ പരീക്ഷ ജൂലൈയിൽ നടത്തും. ഇതിന്റെ വിജ്ഞാപനം ഉടൻ തന്നെ പുറപ്പെടുവിക്കുമെന്നും എസ്എസ്എൽസി പരീക്ഷാ ഫലം പ്രഖ്യാപിച്ച് മന്ത്രി നടത്തിയ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

## ഉമർ ഫാറൂഖ് ന്യൂസ് കേരള പീരിയോഡിക്കൽസ് എഡിറ്റർ



കോഴിക്കോട്: ന്യൂസ് കേരള ദിനപത്രത്തിന്റെ പബ്ലിക് റിലേഷൻസ് ഓഫീസറായിരുന്ന പി.പി. ഉമർ ഫാറൂഖ് ന്യൂസ് കേരള പിരിയോഡിക്കൽസ് എഡിറ്ററായി ചുമതലയേറ്റു. എഴുത്തുകാരനും കോഴിക്കോട്ടെ സാംസ്ക്കാരിക മേഖലകളിലെ സ്ഥിരം സാന്നിധ്യവുമായ ഉമർ ഫാറൂഖ് കോഴിക്കോട് കല്ലായി സ്വദേശിയാണ്.

## വടക്കുമ്പാട് അടിപ്പാതയിലെ കുരുക്കിന് പരിഹാരമായില്ല

കടലുണ്ടി: മണ്ണൂർ വടക്കുമ്പാട് റെയിൽ അടിപ്പാതയിലൂടെയുള്ള മഴക്കാല യാത്രാ തടസ്സത്തിനു പരിഹാരം നീളുന്നു. റെയിലിനു കുറുകെ അടിപ്പാത നിർമിച്ചു 7 വർഷം പിന്നിട്ടിട്ടും മഴക്കാലത്തു മറുകര കടക്കാൻ മറ്റു വഴി തേടേണ്ട ഗതികേടിലാണു നാട്ടുകാർ. 3 കോടി രൂപ ചെലവിട്ടു നിർമിച്ച വഴിയിൽ മുട്ടറ്റം ഉയരത്തിൽ വെള്ളം കെട്ടിനിൽക്കുകയാണ്. ഓട സംവിധാനം ഇല്ലാത്തതിനാൽ ചെറിയൊരു മഴ പെയ്താൽ അടിപ്പാതയിലൂടെ യാത്ര മുടങ്ങും. പിന്നെ കാലവർഷം മാറിയാൽ മാത്രമേ ഇതുവഴി സഞ്ചാരം സാധ്യമാകൂ.

അടിപ്പാത വെള്ളത്തിൽ മുങ്ങിയതോടെ ബസ് ടെർമിനലിനു സമീപത്തു കൂടി 2 റെയിൽ പാളങ്ങൾ ചാടിക്കടന്നാണു ജനം മറുകരയെത്തുന്നത്. വാഹനങ്ങളുമായി മണ്ണൂർ റെയിൽ ലവൽ ക്രോസ് വഴി വേണം പോകാൻ. നാട്ടുകാരുടെ നിരന്തര പരിശ്രമത്തെ തുടർന്ന് 2015ലാണ് വടക്കുമ്പാട് അടിപ്പാത നിർമിച്ചത്. എന്നാൽ അനുബന്ധ റോഡ്, ഓട എന്നിവയുടെ നിർമാണം ഇതുവരെ പൂർത്തിയാക്കിയില്ല. റെയിലിനു പടിഞ്ഞാറു ഭാഗത്താണ് തടസ്സം. ഇതു പരിഹരിക്കാനുള്ള നടപടികൾ അനന്തമായി നീളുകയാണ്. മഴ പെയ്താൽ ഇരുവശത്തു നിന്നുമുള്ള വെള്ളം ഒഴുകിയെത്തി അടിപ്പാതയിൽ കെട്ടി നിൽക്കും. മുരുകല്ലിങ്ങൽ, പറവഞ്ചേരിപാടം, കോണത്ത്, വടക്കുമ്പാട്, ആലുംകുളം, കൊടപ്പുറം തോട്, എടച്ചേരി എന്നിവിടങ്ങളിൽ ഉള്ളവർക്കാണു യാത്രാ ദുരിതം.കമാലിയ എൽ പി സ്കൂൾ, 2 റേഷൻ കടകൾ, സാംസ്കാരിക നിലയം, പോസ്റ്റ് ഓഫിസ് എന്നിവ വടക്കുമ്പാട് അങ്ങാടിയിലുണ്ട്.

പാളം കടന്നു വരാൻ മാർഗം ഇല്ലാത്തതിനാൽ റെയിലിനു പടിഞ്ഞാറു ഭാഗത്തുള്ള വിദ്യാർഥികളും നാട്ടുകാരും ഏറെ പ്രയാസത്തിലാണ്. മഴ മാറിയാൽ സേവന സന്നദ്ധരായ യുവാക്കൾ പമ്പ് സെറ്റ് എത്തിച്ചു അടിപ്പാതയിലെ വെള്ളം വറ്റിക്കുകയാണ് പതിവ്. വാഹന ഗതാഗത സൗകര്യം ഒരുക്കാൻ പറ്റില്ലെങ്കിൽ മഴക്കാലത്ത് താൽക്കാലികമായി നടന്നു പോകാനുള്ള മാർഗമെങ്കിലും ഒരുക്കണമെന്ന ആവശ്യം ശക്തമാണ്.

## രാജ്യത്ത് ഇരുപത്തിനാല് മണിക്കൂറിനിടെ റിപ്പോർട്ട് ചെയ്തത് 12,213 കോവിഡ് കേസുകൾ

## കേരളത്തിൽ രോഗവ്യാപനം രൂക്ഷം

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് ബാധിതരുടെ എണ്ണം കുതിച്ചുയരുന്നു. ഇരുപത്തിനാല് മണിക്കൂറിനിടെ 12,213 പേർക്കാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ ദിവസത്തേക്കാൾ 38.4 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ബുധനാഴ്ച 8,822 പേരിലായിരുന്നു രോഗം കണ്ടെത്തിയത്. പതിനൊന്ന് മരണങ്ങളാണ് പുതുതായി റിപ്പോർട്ട് ചെയ്തത്. നിലവിൽ രാജ്യത്ത് 58,215 സജീവ കേസുകളാണ് ഉള്ളത്. ഇത് ആകെ രോഗബാധിതരുടെ 0.13 ശതമാനമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. 2.35 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. ഇരുപത്തിനാല് മണിക്കൂറിനിടെ 7,624 പേരാണ് രോഗമുക്തി നേടിയത്. ഇതോടെ ആകെ രോഗമുക്തരുടെ എണ്ണം 4,26,74,712 ആയി ഉയർന്നു.

കേരളത്തിൽ രോഗവ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ 3,419 പേർക്കാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. ഏഴു മരണങ്ങളും റിപ്പോർട്ട് ചെയ്തു. ടി പി ആർ നിരക്ക് 16.32 ആണ്. എറണാകുളം ജില്ലയിലാണ് കൊവിഡ് കേസുകൾ കൂടുതൽ. ജില്ലയിൽ 1072 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. രണ്ടാമത് തിരുവനന്തപുരം ജില്ലയാണ് (604).

## നടുറോഡിൽ ഇരുപതോളം പേർ ചേർന്ന് പ്ലസ് വൺ വിദ്യാർഥിയെ മർദിച്ചു

തിരുവനന്തപുരം: നടുറോഡിൽ വിദ്യാർഥിക്ക് ക്രൂരമർദനം. പട്ടം സെന്റ് മേരീസ് സ്കൂളിലെ പ്ലസ് വൺ വിദ്യാർഥി ജെ. ഡാനിയലിനാണ് മർദനമേറ്റത്. ഇരുപതോളം വിദ്യാർഥികൾ ചേർന്നാണ് ഉള്ളൂർ സ്വദേശി ഡാനിയലിനെ മർദിച്ചത്. ഇയാൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സ തേടി.

ബസ്സിൽ നിന്നിറങ്ങിയ ഒരു സംഘം വിദ്യാർഥികൾ ബസ് സ്റ്റോപ്പിലിരുന്ന ഡാനിയലിനെ മർദിക്കുകയായിരുന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. കുട്ടികൾ തമ്മിൽ മുൻപുണ്ടായിരുന്ന തർക്കമാണ് മർദനത്തിൽ കലാശിച്ചതെന്നാണ് വിവരം. ഡാനിയലിന്റെ ബന്ധുക്കൾ മെഡിക്കൽ കോളജ് പൊലീസിൽ പരാതി നൽകി.

## സിം കാർഡ് ശ്യാമള മാധവന്റെ പേരിൽ, കാവ്യ മാധവന്റെ അമ്മയെ ചോദ്യം ചെയ്തു

കൊച്ചി: ക്വട്ടേഷൻ പ്രകാരം നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചെന്ന കേസിൽ നടി കാവ്യാ മാധവന്റെ അമ്മ ശ്യാമള മാധവൻ, ദിലീപിന്റെ സഹോദരി സബിത എന്നിവരുടെ മൊഴി അന്വേഷണ സംഘം രേഖപ്പെടുത്തി.

സംവിധായകൻ ബാലചന്ദ്രകുമാറിനെ വിളിച്ചിരുന്നതായി കണ്ടെത്തിയ നമ്പർ താൻ ഉപയോഗിച്ചിരുന്നതല്ലെന്ന കാവ്യ മാധവന്റെ വാദം നുണയാണെന്നു ക്രൈംബ്രാഞ്ച് ഹൈക്കോടതിയെ അറിയിച്ചിരുന്നു. കാവ്യയുടെ അമ്മ ശ്യാമള മാധവന്റെ പേരിലാണു ഈ


ശ്യാമള മാധവൻ

സിം കാർഡ്. ഇതിലാണ് അന്വേഷണ സംഘം വിശദീകരണം തേടിയത്.

അതിനിടെ നടിയെ പീഡിപ്പിച്ച് ദൃശ്യങ്ങൾ പകർത്തിയെന്ന കേസിൽ നിർണായക തെളിവായ മെമ്മറി കാർഡ് ഫൊറൻസിക് പരിശോധനയ്ക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു ക്രൈംബ്രാഞ്ച് നൽകിയ ഹർജി തിങ്കളാഴ്ച പരിഗണിക്കാൻ മാറ്റി. പരിശോധനയ്ക്കുള്ള അപേക്ഷയുടെ ലക്ഷ്യമെന്താണെന്നു പ്രോസിക്യൂഷൻ വ്യക്തമാക്കണമെന്നു കോടതി നിർദേശിച്ചു.


*ലോക വയോജന പീഡന വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് കോഴിക്കോട് കലക്ടറേറ്റിൽ ഗവ. ലോ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടകത്തിൽ നിന്ന്*

## അഗ്നിപഥ് പദ്ധതിക്കെതിരെ ബീഹാറിൽ പ്രതിഷേധം ശക്തം

ന്യൂഡൽഹി : സൈന്യത്തിൽ കരാർ നിയമനം നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന് എതിരെ രാജ്യവ്യാപക പ്രതിഷേധം. സേനയിലെ റിക്രൂട്ട്മെന്റിനുള്ള കേന്ദ്രസർക്കാരിന്റെ അഗ്നിപഥ് പദ്ധതിക്കെതിരെ ബിഹാറിലും രാജസ്ഥാനിലും യുപിയിലും യുവാക്കൾ പ്രതിഷേധവുമായി എത്തി. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് അഗ്നിപഥ് പദ്ധതി പ്രഖ്യാപിച്ചതിന് തൊട്ടടുത്ത ദിവസമാണ് പ്രതിഷേധം ശക്തമാക്കുന്നത്.

ബിഹാറിലെ ബക്സറിൽ റെയിൽവേ ട്രാക്ക് തടഞ്ഞ പ്രതിഷേധക്കാർ മുസാഫർപൂരിലെ മാദിപൂരിൽ തീയിടുകയും റോഡ് ഉപരോധിക്കുകയും ചെയ്തു. ഇതിനുപുറമെ അറയിലും സംഘർഷമുണ്ടായി. യുപിയിലെ അംബേദ്കർ നഗർ ജില്ലയിലും ധാരാളം യുവാക്കൾ പദ്ധതിയെ എതിർത്ത് രംഗത്ത് വന്നു. രാജസ്ഥാനിലെ ജയ്പൂരിലും പദ്ധതി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യുവാക്കൾ റോഡിലിറങ്ങി.

ഇന്നലെ മുസാഫർപൂരിലെ ആർമി റിക്രൂട്ട്മെന്റ് ഓഫീസിന് മുന്നിൽ നടന്ന പ്രകടനത്തിൽ നൂറുകണക്കിന് ആളുകൾ വടികളും വടികളുമായി റോഡിലിറങ്ങി പ്രകടനം നടത്തി. ആദ്യം സമരക്കാർ ആർമി റിക്രൂട്ട്മെന്റ് ഓഫീസിന് മുന്നിൽ അവിടെ പ്രതിഷേധിച്ചു. ഇതിന് പിന്നാലെ പ്രതിഷേധക്കാർ മദിപൂരിൽ തീയിട്ട് റോഡ് ഉപരോധിച്ചു. ഇതോടൊപ്പം റോഡിന് ചുറ്റുമുള്ള ബോർഡുകളും ഹോർഡിംഗുകളും തകർക്കാനുള്ള ശ്രമവും നടന്നു.

ബീഹാറിൽ പ്രതിഷേധക്കാർ ബക്സർ സ്റ്റേഷനിലെ വെയർഹൗസിന് സമീപം ഡൽഹികൊൽക്കത്ത റെയിൽവേ ട്രാക്ക് തടഞ്ഞു. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, റെയിൽവേ സ്റ്റേഷൻ, ബക്സർ, സിറ്റി പോലീസ് സ്റ്റേഷൻ, റെയിൽവേ മാനേജർ എന്നിവർ സ്ഥലത്തെത്തി. സമരക്കാരെ അനുനയിപ്പിച്ച ശേഷം ട്രാക്കിൽ നിന്ന് ജാം നീക്കി ഗതാഗതം പുനരാരംഭിച്ചു. സേനയിൽ നാല് വർഷത്തെ കരാർ നിയമനം നൽകുന്നതാണ് അഗ്നിപഥ പദ്ധതി.

പദ്ധതിക്ക് കീഴിൽ, 17.5 വയസിനും 21 വയസിനും ഇടയിൽ പ്രായമുള്ള 45,000 പേരെ നാല് വർഷത്തെ സേവനത്തിൽ സേനയിൽ ഉൾപ്പെടുത്തും. ഈ കാലയളവിൽ അവർക്ക് 30,00040,000 രൂപ ശമ്പളവും അലവൻസുകളും നൽകും. മെഡിക്കൽ, ഇൻഷുറൻസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാകും.

നാല് വർഷം പൂർത്തിയാകുന്ന മുറക്ക് ഇവരിൽ 25 ശതമാനം പേർക്ക് സേനയിലെ നോൺ ഓഫീസർ തസ്തികയിൽ 15 വർഷത്തേക്ക് നിയമനം നൽകുകയും മറ്റുള്ളവരെ പിരിച്ചുവിടുകയും നൽകും. ഇവർക്ക് പെൻഷൻ ആനുകൂല്യം ഉണ്ടാകുകയില്ല. പകരം പിരിച്ചുവിടുമ്പോൾ ഇവർക്ക് 1112 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജ് നൽകും. ശമ്പളത്തിന്റെയും പെൻഷന്റെയും ബജറ്റ് കുറയ്ക്കാനാണ് സർക്കാർ അഗ്നിപഥ് പദ്ധതി നടപ്പാക്കുന്നത്.

News Kerala Daily

# ന്യൂസ്കേരള

2022 ജൂൺ 16 വ്യാഴം


1197 മിഥുനം 2 • 1443 ദുൽഖഅദ് 16



## ജനകീയ പ്രതിഷേധങ്ങളെ ഭരണകൂടം എന്തിനു ഭയക്കുന്നു

മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷ കക്ഷികൾ പ്രതിഷേധ സമരങ്ങൾ ശക്തമാക്കിയപ്പോൾ പോലീസിനെ ഉപയോഗിച്ചും പാർട്ടി പ്രവർത്തകരെ അഴിഞ്ഞാടാൻ വിട്ടു കൊണ്ടും സംസ്ഥാനത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കാനാണ് ഭരണകൂടം ശ്രമം നടത്തുന്നത്. സമാധാനപരമായി പ്രതിഷേധിക്കുന്നവരെ പോലീസിനെ ഉപയോഗിച്ചു നേരിട്ടും ഡി വൈ എഫ് ഐ പ്രവർത്തകർ തെരുവിലിറങ്ങി പ്രതിപക്ഷ പാർട്ടികളുടെ ഓഫീസ് തകർത്തും ബോംബെറിഞ്ഞും ഭീകരത സൃഷ്ടിക്കുകയാണ്. കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവിന്റെ വസതിയിൽ ഇരച്ചുകയറി ഗുണ്ടാ ആക്രമണം നടത്തുകയുണ്ടായി. സംസ്ഥാനത്ത് പരക്കെ അക്രമവും കൊലവിളിയും നടത്തിക്കൊണ്ടിരിക്കയാണ്. പ്രതിപക്ഷ നേതാവിന്റെ വസതിക്ക് നേരെ നടന്ന അക്രമം തികച്ചും അപലപനീയമാണ്. സമാധാനപരമായി പ്രതിക്ഷേധിക്കാനും പ്രതികരിക്കാനും ഒരു ജനാധിപത്യ രാജ്യത്ത് എല്ലാവർക്കും അവകാശമുണ്ട്. പ്രതിഷേധ സമരങ്ങളെ എന്തിനു സർക്കാർ ഭയപ്പെടണം. നിയമത്തിന്റെ വഴിയിൽ വിടുന്നതിനു പകരം മർക്കടമുഷ്ടി ഉപയോഗിച്ചു ഭീകരത സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത് എന്നു തോന്നിപ്പിക്കുന്ന വിധമാണ് ഭരണകൂടവും പോലീസും ഗുണ്ടകളും ചേർന്നുള്ള കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്ത് നടന്ന സംഭവ വികാസങ്ങൾ എന്നത് ലജ്ജാകരമാണ്. കറുപ്പിനോട് ഇത്രമാത്രം വെറുപ്പും അറപ്പും പ്രകടിപ്പിച്ചു കാണുന്നത് അസഹിഷ്ണുത മാത്രമാണ്. ആരോപണങ്ങൾ നിയമപരമായി നേരിടുന്നതിനു പകരം വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും നയങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം അപലപനീയവും പ്രതിഷേധാർഹവുമാണ്. സ്വർണ്ണക്കടത്ത് കേസ്സുമായി ബന്ധപ്പെട്ട് സംശയത്തിന്റെ നിഴലിൽ കഴിയുന്ന ആരോപണ വിധേയമായവർ നിയമത്തിന്റെ വഴി തേടുകയാണ് രേണ്ടത്. ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള സംശയങ്ങൾ സ്വാഭാവികമാണ്. സ്വപ്നാ സുരേഷിന്റെ വെളിപ്പെടുത്തലുകളും തുടർന്നു നടന്ന സംഭവവികാസങ്ങളും ഇടത് സർക്കാറിന്റെ പ്രതിഛായക്ക് കാര്യമായ മങ്ങലേല്പിച്ചിരിക്കയാണ്. ഇതിനെ അക്രമങ്ങൾ അഴിച്ചു വീട്ടും പോലീസ് ഭീകരത സൃഷ്ടിച്ചുമാണ് സർക്കാർ നേരിടുന്നതെന്ന പ്രതിപക്ഷ ആരോപണം ശരിവെക്കുന്നതാണ് സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന അക്രമ സംഭവങ്ങളിൽ നിന്നും ബോധ്യപ്പെടുന്നത്. സമാധാനപരമായി പ്രതിഷേധിക്കാനും സമരം ചെയ്യുവാനുമാണ് കോൺഗ്രസും യു ഡി എഫ് നേതാക്കളും ആഹ്വാനം ചെയ്തിരിക്കുന്നത്. ഇക്കാര്യം ഉറപ്പു വരുത്താൻ പ്രതിപക്ഷ കക്ഷികളും ശ്രദ്ധിക്കേണ്ടതുണ്ട്. ക്രമസമാധാനം തകർക്കാനോ നിയമം കയ്യിലെടുക്കാനോ ആരേയും അനുവദിച്ചുകൂട. അതേസമയം പോലീസിനെയും പാർട്ടി പ്രവർത്തകരെയും പ്രതിപക്ഷ കക്ഷികൾക്ക് നേരെ തിരിച്ചുവിട്ടു അരാജകത്വം സൃഷ്ടിക്കാൻ ഭാണ കൂടം ശ്രമിക്കരുത്.

### വാമൊഴി



ഒത്ത് പിടിച്ചാൽ ഇന്ത്യയിൽ പ്രതിപക്ഷ ഐക്യം യാഥാർത്ഥ്യമാകുമെന്നതിനു ശുഭലക്ഷണമാണ് ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ പ്രകടമായത്.

– ഇ.ടി.മുഹമ്മദ് ബഷീർ

### സി ഡിറ്റിൽ സീനിയർ പ്രോഗ്രാമർ ഒഴിവുകൾ

കോഴിക്കോട് : സി ഡിറ്റ് നടപ്പാക്കി വരുന്ന സ്റ്റേറ്റ് പോർട്ടൽ പ്രൊജക്ടിലേക്ക് സീനിയർ പ്രോഗ്രാമർ (പി.എച്ച്.പി), സീനിയർ പ്രോഗ്രാമർ (ജാവ) തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂൺ 18. വിവരങ്ങൾക്ക് www.careers.cdit.org സന്ദർശിക്കുക.

### സി ഡിറ്റിൽ ഒഴിവുകൾ

കോഴിക്കോട് : സി ഡിറ്റ് നടപ്പാക്കി വരുന്ന വിവിധ പ്രൊജക്ടുകളിലേക്ക് പ്രോഗ്രാം മാനേജർ, പ്രോഗ്രാമർ, യു.ഐ/ യു.എക്സ് ഡെവലപ്പർ, 2 ഡി അനിമേറ്റർ, ടെക്നിക്കൽ റൈറ്റർ, സെർവർ അഡ്മിനിസ്ട്രേറ്റർ തസ്തികകളിലേക്ക് അപേക്ഷിക്കാം. അവസാന തീയതി ജൂൺ 18. വിവരങ്ങൾക്ക് www.careers.cdit.org സന്ദർശിക്കുക.

# പ്രവാചകനിന്ദയുടെ പ്രതിഫലനങ്ങൾ



കാരൂർ സോമൻ, ലണ്ടൻ

പ്രവാചക നിന്ദയുടെ നേർത്ത അലകൾ അതിർവരമ്പുകൾ താണ്ടിയെത്തിയത് പ്രധാനമായും ഇസ്ലാമിക രാജ്യങ്ങളിലാണ്. അതിനെ ഭക്തി നിർഭരമായ മിഴികളോടെ കാണാൻ സാധിക്കില്ല.നിലാവിൽ കുളിച്ചു നിൽക്കുന്ന അതിമനോഹരങ്ങളായ പത്മാസനത്തിലിരിക്കുന്ന ചില രാജാക്കന്മാർ ഇതര മതവിശ്വാസികളോട് കാട്ടുന്ന അസഹിഷ്ണത ഞാനും ഗൾഫിലുണ്ടായിരുന്നപ്പോൾ കണ്ടിട്ടുണ്ട്. എന്നാലും അവർ മലയാളികളുടെ പോറ്റമ്മയാണ്.ഇന്ത്യയിൽ അച്ചടക്കമില്ലാതെ വളർന്നവർ ഗൾഫിൽ പോയിവന്നപ്പോൾ അച്ചടക്കമുള്ളവരായി ട്ടാണ് കാണുന്നത്. ലോകത്തു് ഏറ്റവും കൂടുതൽ പ്രവാചകന്മാരെ സമ്മാനിച്ചത് ഇസ്രായേൽ മിഡിൽഈസ്റ്റ് രാജ്യങ്ങളാണ്.അവസാനത്തെ പ്രവാചകനായിട്ടാണ് മുഹമ്മദ് നബിയെ കാണുന്നത്. പ്രവാചകന്മാരിൽ പ്രവാച കനായി കാണുന്നത് യേശുക്രിസ്തു തന്നെ. മന്ത്രാക്ഷരങ്ങളുമായി നടക്കുന്ന ഇന്ത്യയിലെ വർഗ്ഗീയവാദികളാണ് ഒരു പ്രവാചകനെ കൈകൊട്ടിക്കളിച്ചത്. അതിന് വീണമീട്ടാൻ പാകിസ്ഥാനിൽ നിന്നുള്ള മത തീവ്രവാദികളും അരങ്ങിലെത്തി. രാജ്യം ഭരിക്കുന്ന പാർട്ടി വക്താക്കളുടെ ബോധപൂർവ്വമായ വാക്കുകൾ ശുദ്ധി നൽകി പീഠമിട്ട് ആദരിക്കാൻ പ്രധാനമന്ത്രിയും തയ്യാറായില്ല. ഇതിലൊക്കെ ഇത്ര അസഹിഷ്ണത എന്തിനെന്ന് ചിന്തിക്കുന്നവ രുമുണ്ട്. എന്തായാലും ആകാശവാണം പോലെ മുകളിലേക്ക് വിട്ടത് വാനക്കുറ്റിപോലെ കിഴോട്ട് വന്നത് ഒരു രാജ്യത്തിന്റെ ഇന്നത്തെ മതേതര സ്വഭാവത്തെ അറിയാനും അളക്കാനും ലോക ജനതക്ക് സാധിച്ചു. മനുഷ്യ ഹൃദയത്തിൽ നിന്ന് വരുന്ന മലിന വാക്കുകൾ പലപ്പോഴും വായുവിൽ അലിഞ്ഞുചേരുകയാണ് പതിവ്.ഇവിടെ യത് കൊടുംങ്കാറ്റിന്റെ വേഗതയിൽ പടർന്നു.

വികല മനസ്സുള്ളവരുടെ മനസ്സിൽ കുടികൊള്ളുന്ന വിഷസർപ്പ മാണ് ഭീകരത, മതഭ്രാന്ത്. മനസ്സിന്റെ ചാഞ്ചല്യം വെളിപ്പെടുത്തുമ്പോൾ ലോകാപവാദമൊന്നും ഈ കൂട്ടർ പരിഗണിക്കാറില്ല. കോഴിക്കുഞ്ഞിന് ചിറകുകൾ മുളെക്കുന്നതുപോലെയാണ് പിറന്നുവീഴുന്ന കുഞ്ഞിന്റെ മനസ്സിൽ മതത്തിന്റെ ഭ്രാന്തൻ കോശങ്ങൾ കുത്തിനിറച്ചു് മനുഷ്യരെ മത-മനോരോഗികളാക്കുന്നത്. ജീവിത കാലം മുഴുവൻ മനുഷ്യർ എന്തിനാണ് മതങ്ങളെ ചുമക്കുന്നത്?

ഓരോ സംസ്ക്കാരങ്ങളും പടുത്തുയർത്തപ്പെട്ടത് വർണ്ണവർഗ്ഗജാതി വിവേചനങ്ങളിൽ ജീവിക്കാനല്ല അതിലുപരി സന്തോഷത്തോടെ ഈ മണ്ണിൽ ജീവിക്കാനാണ്. ഇന്ന് മനുഷ്യത്വത്തിന് മീതെ മതങ്ങൾ കഴുക നെപ്പോലെ പറന്നു തുടങ്ങി. ഇന്ത്യയിൽ പ്രവാചകനിന്ദക്കെതിരെ മലവെള്ളംപോലെ പ്രതിഷേധങ്ങൾ കുതിച്ചു പൊങ്ങുന്നു. യൂ.പി. ബീഹാർ, ബംഗാൾ തുടങ്ങി പലയിടത്തും സംഘർഷങ്ങൾ, വെടിവെപ്പിൽ മരണം, അറസ്റ്റ്, കേസുകൾ നടക്കുന്നു. ഒരു ടെലിവിഷൻ ചർച്ചയിൽ പാർട്ടിയുടെ വക്താവ് മറ്റൊരു മത പ്രവാചകനെ കണ്ടത് എതിരാളിയായിട്ടാണ്. മിത്രമായിട്ടല്ല. അത് ആ വ്യക്തിയുടെ സംസ്ക്കാര ശൂന്യതയാണ് തുറന്നുകാട്ടി യത്. ആ വാക്കുകൾക്ക് നിറക്കൂട്ട് പകരാൻ ഗൾഫിൽ പാക്കിസ്താനികളെങ്കിൽ ഇന്ത്യയിൽ മത മൗലിക വാദികൾ ജനങ്ങളെ തെരുവിലിറക്കുന്നു. നാവുകൊണ്ടുള്ള ഏത് കൊലവിളിക്കും പശ്ചാത്താപമാണ് വേണ്ടത് അല്ലാതെ സമൂഹത്തിൽ അസന്തുഷ്ടിയും വെറുപ്പുമല്ല വളർത്തേണ്ടത്.ഇങ്ങനെ സോഷ്യൽ മീഡിയയിൽ അകാ രണമായി എത്രയോ പ്രമുഖ വ്യക്തികളെ വിവരദോഷികൾ അപമാനിക്കുന്നു. അവിടേക്ക് പ്രതികാരദാഹിക ളായി കൂട്ടം കൂടിയെത്തി ജീവൻ വെടിയുന്നതിനേക്കാൾ വി.ഖു.(13.28) പഠിപ്പിക്കുന്നത് 'അല്ലാഹുവെപ്പറ്റിയുള്ള ഓർമ്മകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്'.ഒരു യഥാർത്ഥ ഇസ്ലാം വിശ്വാസിയിൽ കാണേണ്ടത് കരുണയും സമാധാനവുമാണ്. ഇപ്പോൾ നടക്കുന്നത് എന്ത് സമാധാന സന്ദേശമാണ്?

ഒരു വ്യക്തി, ജനത അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ആദ്യം വേണ്ടത് അവനിലെ മതവിദ്വേഷം, വർഗ്ഗീ യത, ശത്രുത, അസൂയ അവസാനിപ്പിക്കണം. എല്ലാ പ്രവാചകന്മാരും, ഗുരുക്കന്മാരും മനുഷ്യരെ പഠിപ്പിച്ചത് പ്രകാശത്തിലേക്ക് വരാനാണ്. അല്ലാതെ മതത്തിലേക്ക് വരാനല്ല.'തമസോമാ ജ്യോതിർഗമയ' (എന്നെ അന്ധകാ രത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിച്ചാലും).മതമനുഷ്യരുടെ മനസ്സിൽ ഇന്ന് തളം കെട്ടിക്കിടക്കുന്നത് അന്ധ കാരമാണ്. ആത്മാവിന്റെ, അക്ഷരത്തിന്റെ പ്രകാശമല്ല.ഇന്ത്യയുടെ പലഭാഗങ്ങളിലും മത വർഗ്ഗീയത ആളിക്കത്തിച്ചു് അധികാരം നിലനിർത്താൻ ശവപ്പറമ്പുകളാക്കിയത് നമ്മൾ കണ്ടു. മുൻപ് മതത്തിന്റെ വക്താക്കൾ പുരോഹിതർ ആണെങ്കിൽ ഇന്നത് രാഷ്ട്രീയക്കാർ കൈക്കലാക്കി മത പുരോഹിതരെ വക്താക്കളാക്കി വളർ ത്തുന്നു. മനുഷ്യമനസ്സുകളിൽ കുഴിച്ചുമൂടേണ്ട മതാന്ധതയെ ഒപ്പം കൂട്ടി അറിവോ വിവേകമോയില്ലാത്തവ രുടെ മനസ്സിൽ മതം കുത്തിനിറച്ചു് വോട്ടുകൾ വാങ്ങി അധികാരത്തിലെത്തിക്കുന്നു. അധികാരത്തിലിരിന്ന് അഴിമതി നടത്തിയും വൻകിട മുതലാളിമാരിൽ നിന്ന് വാരിക്കൂട്ടിയ കൊള്ള മുതൽ മടിശീല വീർപ്പിക്കുന്നു, വിദേശത്തേക്ക് കടത്തുന്നു.പണമെന്നു പറഞ്ഞാൽ പിണവും വാ പിളർക്കുമെന്നാണ് പ്രമാണം.ആ പിണത്തിൽ മത വർഗ്ഗീയവാദികളും, സാമൂഹ്യ വിരുദ്ധരും ഗുണ്ടകളും വളരുന്നു. അതിന്റെ ഒരു ഭാഗം നേതാക്കൾക്കും വക്താക്കൾക്കും കിട്ടുന്നു. അതിലൊരു പങ്ക് മത മയക്കുമരുന്നിനടിമപ്പെട്ടവരെ വേഷങ്ങൾ അണിയിച്ചു് റോഡിലിറക്കി അഴിഞ്ഞാടുന്നു. മതവികാരമിളക്കി വിട്ടവർക്ക് പട്ടും വളയും കീരിടവും കിട്ടുമ്പോൾ തെരുവീ ഥിയിൽ വന്നവർക്ക് പൊലീസ് മർദ്ദനം. ആശുപത്രി വാസം. ചിലരാകട്ടെ വേർപാടിന്റെ നൊമ്പരങ്ങളിൽ കഴി യുന്നു. ചുരുക്കത്തിൽ സ്വരക്ഷ തിരിച്ചറിയാതെ ജീവിതം നരകതുല്യമാക്കുന്നു. ജീവിതം നരകനഗരത്തിലേക്കുള്ള യാത്രയാക്കുന്നു. അവകാശ-അനീതിക്കെതിരെയായുള്ള പോരാട്ടം ഭരിക്കാനുള്ള അവകാശമാകരുത്. എന്തുകൊണ്ടാണിവർ ഗാന്ധിയൻ സമരമുറകൾ സ്വീകരിക്കാത്തത്?

മത വർഗ്ഗീയ കലാപങ്ങൾക്ക് കോപ്പുകൂട്ടുന്നവർക്ക് മതത്തിന്റെ മഹത്വം എന്തെന്നറിയില്ല. ഈശ്വര ചിന്തയുള്ളവർക്കും വിവേകികൾക്കും മത ചിന്തയില്ല. ഈ കപടസദാചാരവാദികൾ വികസിത രാജ്യങ്ങളെ കണ്ടുപഠിക്കണം. ബ്രിട്ടൻ ഒരു ക്രിസ്ത്യൻ രാജ്യമാണ്. ഇവിടെ എത്രയോ രാജ്യക്കാർ, വ്യത്യസ്ത മതക്കാർ ജീവിക്കുന്നു. വീടും നാടും വിട്ടുവന്ന മലയാളിപോലും ബ്രിട്ടനെപ്പറ്റി ഭൂരിപക്ഷ, ന്യൂനപക്ഷ വർഗ്ഗീയത പറ യാറില്ല. അവർ മതത്തേക്കാൾ മനുഷ്യ പുരോഗതിയാണ് ലക്ഷ്യം വെക്കുന്നത്. ഇന്ത്യയിലെ വർഗ്ഗീയവാദികൾ എന്തിനാണ് പുഴുക്കളെ പോലെ കുമിഞ്ഞുകൂടുന്ന മതനിന്ദകളിറക്കി എതിർപ്പിന്റെ നിന്ദകളാക്കി മാറ്റുന്നത്. ഇവർ ജാതിമതക്കാരുടെ വിഴുപ്പുഭാണ്ഡങ്ങൾ ചുമക്കുന്ന ജീവിതത്തിൽ നിന്ന് ഭയന്നോടുന്ന ഭീരുക്കളാണ്. ജാതി മതങ്ങളെ പാലും നെയ്യും ചേർത്ത് പാകം ചെയ്തു കഴിച്ചാൽ മനസ്സിനെ ഏകാഗ്രമാക്കി പ്രാർത്ഥിക്കാനോ നിലവിലിരിക്കുന്ന അഴിമതി അതിക്രമങ്ങൾ അവസാനിപ്പിക്കാനോ സാധിക്കില്ല. ഈശ്വരന് ഒരു മതവുമില്ല. നന്മയുടെ പാതയിൽ സഞ്ചരിക്കുന്ന വിവേകമുള്ള മനുഷ്യർക്കും ഈ ആകാശഭൂമികയിൽ ഒരു രക്ഷക നേയുള്ളു അതാണ് ഈശ്വരൻ. ഇന്ത്യയിലെ യൂ,പി. മുഖ്യമന്ത്രി 34 വേദികളിൽ 100-ലധികം മത വിദ്വേഷ പ്രസംഗം ചുരുങ്ങിയ കാലയളവിൽ നടത്തി. ഇന്ത്യയെ പോലെ മതനിരപേക്ഷതയുള്ള

> *ഓരോ സംസ്കാരങ്ങളും പടുത്തുയർത്തപ്പെട്ടത് വർണ്ണവർഗ്ഗജാതി വിവേചനങ്ങളിൽ ജീവിക്കാനല്ല അതിലുപരി സന്തോഷത്തോടെ ഈ മണ്ണിൽ ജീവിക്കാനാണ്. ഇന്ന് മനുഷ്യത്വത്തിന് മീതെ മതങ്ങൾ കഴുകനെപ്പോലെ പറന്നു തുടങ്ങി. ഇന്ത്യയിൽ പ്രവാചകനിന്ദക്കെതിരെ മലവെള്ളംപോലെ പ്രതിഷേധങ്ങൾ കുതിച്ചു പൊങ്ങുന്നു. യു.പി. ബീഹാർ, ബംഗാൾ തുടങ്ങി പലയിടത്തും സംഘർഷങ്ങൾ, വെടിവെപ്പിൽ മരണം, അറസ്റ്റ്, കേസുകൾ നടക്കുന്നു. ഒരു ടെലിവിഷൻ ചർച്ചയിൽ പാർട്ടിയുടെ വക്താവ് മറ്റൊരു മത പ്രവാചകനെ കണ്ടത് എതിരാളിയായിട്ടാണ്. മിത്രമായിട്ടല്ല. അത് ആ വ്യക്തിയുടെ സംസ്കാര ശൂന്യതയാണ് തുറന്നുകാട്ടി യത്. ആ വാക്കുകൾക്ക് നിറക്കൂട്ട് പകരാൻ ഗൾഫിൽ പാക്കിസ്ഥാനികളെങ്കിൽ ഇന്ത്യയിൽ മത മൗലിക വാദികൾ ജനങ്ങളെ തെരുവിലിറക്കുന്നു. നാവുകൊണ്ടുള്ള ഏത് കൊലവിളിക്കും പശ്ചാത്താപമാണ് വേണ്ടത് അല്ലാതെ സമൂഹത്തിൽ അസന്തുഷ്ടിയും വെറുപ്പുമല്ല വളർത്തേണ്ടത്.*

ഒരു രാജ്യത്തു മതനിന്ദ, ന്യൂനപക്ഷ പീഡനങ്ങൾ മാത്രമല്ല നാഷണൽ ക്രൈം ബ്യൂറോ കണക്ക് പ്രകാരം 1919-20 ൽ നടന്നത് 96% വർഗ്ഗീയ കലാപങ്ങളാണ്. 2015 അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ ഇന്ത്യയിൽ വന്നപ്പോൾ പറഞ്ഞത് 'ഇന്ത്യ എല്ലാം മതങ്ങളെയും ഒരുപോലെ കാണണം'.പ്രവാചക നിന്ദയിൽ അറബ് രാജ്യങ്ങൾ കണ്ണുരുട്ടിയപ്പോൾ ഇന്ത്യൻ ഭരണകൂടത്തിന്റെ മുഖം ലോകം കണ്ടു. ഇനിയും ലോക രാജ്യങ്ങൾകുടി കണ്ണുരുട്ടിക്കാണിക്കാൻ ഇടവരുത്തരുത്. വർഗ്ഗീയവിഷം തുപ്പുന്ന, മത സ്പർദ്ധ വളർത്തുന്നവരെ തുറുങ്കിലടക്കാൻ സർക്കാരുകൾ മുന്നോട്ട് വരണം. ഇന്ത്യയെ ലോകരാജ്യങ്ങളുടെ മുന്നിൽ ദുഷിപ്പിക്കുന്നത് വിദേശ ഇന്ത്യക്കാർക്കും അപമാന മാണ്. മനുഷ്യർ ജനിച്ച മണ്ണിൽ മനസമാധാനത്തോടെ ജീവിച്ചു മരിക്കട്ടെ.

ആരോഗ്യകേരള

# ആൽക്കഹോളിന്റെ ദൂഷ്യവശങ്ങൾ

രോഗം മാറാൻ മരുന്ന് കഴിക്കുന്നവർ ശ്രദ്ധിക്കുക. മദ്യം കഴിച്ചാൽ നിങ്ങളുടെ മരുന്നുകളുടെ പ്രവർത്തനം സാധാരണ രീതിയിൽ നടക്കില്ല. മാത്രമല്ല, അവ കൊണ്ട് അവയവ നാശം അടക്കമുള്ള നിരവധി ദോഷഫലങ്ങളും ഉണ്ടാകാം. ചില മരുന്നുകളോട് അനുബന്ധിച്ച് ഉള്ള നിബന്ധനകളിൽ വളരെ വ്യക്തമായിത്തന്നെ മദ്യം ചേർന്നാലുള്ള അപകടത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടാകും. ചുമ, കോൾഡ്, അലർജി തുടങ്ങിയവക്കുള്ള മെഡിസിനുകളിൽ ആൽക്കഹോളിന് പ്രതികൂലമായ ഏതെങ്കിലും ഒരു ഘടകമെങ്കിലും ചേർന്നിട്ടുണ്ടാകും. നാം കഴിക്കുന്ന മരുന്നുകളുടെ സ്വഭാവം അനുസരിച്ച് അപകടം കൂടിയും കുറഞ്ഞും ഇരിക്കും എന്നാണ് വൈദ്യശാസ്ത്ര രംഗത്തെ വിദഗ്ദ്ധർ പറയുന്നത്.

ചില മരുന്നുകളെ ആൽക്കഹോൾ ഉപയോഗം അധികം ബാധിക്കില്ലെന്നത് ശരി തന്നെ. എന്നാൽ ഡയസെപാമും വാലിയമും പോലുള്ള 'സെഡേറ്റീവ്' മരുന്നുകളും ആൻറി ഡിപ്രസൻറുകളും ഉപയോഗിക്കുന്നവർ ആൽക്കഹോൾ പാടേ വർജ്ജിക്കേണ്ടതാണ്. മദ്യവുമായി ചേരാത്ത ചില ആൻറി ബയോട്ടിക്കുകളുമുണ്ട്. അവക്കൊപ്പം ആൽക്കഹോൾ കഴിച്ചാൽ രോഗം വർദ്ധിക്കും. ദീർഘകാലത്തേക്കുള്ള മരുന്നുകൾ കഴിക്കുന്നവരും ആൽക്ക1ഹോളിനെ അകറ്റിനിർത്തണം. അത്തരം മരുന്നുകളുടെ ഫലപ്രാപ്തി ഗണ്യമായി കുറയ്ക്കാൻ ആൽക്കഹോൾ കാരണമാകും. ഇതോടൊപ്പംതന്നെ രോഗംവർദ്ധിക്കാനും സാധ്യത ഉണ്ട്.

അപസ്മാരം, ഡയബറ്റിസ് എന്നിവയ്ക്കുള്ള മരുന്നുകൾ കഴിക്കുന്നവർ കൂടുതൽ ശ്രദ്ധിക്കുക. നമ്മുടെ രോഗ പ്രതിരോധ വ്യവസ്ഥയെ ശക്തിപ്പെടുത്താൻ ആൽക്കഹോൾ സഹായിക്കുമെന്നതിന് ഒരു തെളിവുമില്ല. ആൽക്കഹോളിൻറെ സഹജമായ ചില സ്വഭാവ സവിശേഷതകൾ തന്നെയാണ് ഈ ദോഷങ്ങൾക്ക് കാരണം.തലച്ചോറിലാണ് അതിൻറെ പ്രവർത്തനം. അതുകൊണ്ടാണ് ആൻറി ഡിപ്രസൻറ് മരുന്നുകൾ കഴിക്കുന്നവരുടെ മാനസിക ആരോഗ്യ നിലയെ ആൽക്കഹോൾ അപകടപ്പെടുത്തുന്നത്. ശരീരത്തിലേക്ക് മരുന്നുകൾ 'പിടിയ്ക്കുന്ന' പ്രക്രിയയെ ആൽക്കഹോൾ തടസ്സപ്പെടുത്തും. കരളിൻറെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു.

മെട്രോനിഡാസോൾ (ങലൃേീശറമ്വീഹല) ടിനിഡാസോൾ (ഠശിശറമ്വീഹല)തുടങ്ങിയ ആൻറി ബയോട്ടിക്കുകൾ ക്കൊപ്പം ആൽക്കഹോൾ ഒരിക്കലും പാടില്ല. ഇവ അടുത്തടുത്ത് കഴിച്ചാൽ ഓക്കാനം, ഛർദി, ചർമ്മം ചൊറിഞ്ഞ് തടിക്കുക, ഹൃദയ മിടിപ്പ് ക്രമാതീതമായി കൂടുക തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കും.ഹൃദ്രോഗം, പക്ഷാഘാതം,, കരൾ രോഗങ്ങൾ, കരൾ മാറ്റിവെക്കൽ, അലർജി ,കൊറോളറി



ഹാർട്ട്ഡിസീസ്, ആകാംക്ഷാ രോഗം,ആർത്രിറ്റിസ്, ബ്ലഡ് ക്ലോട്ട്, പ്രൊസ്റ്റേറ്റ് വളരൽ, ദഹനക്കുറവ്, പേശീ വേദന, തുടങ്ങിയവക്കുള്ള മരുന്നിൻറെ കൂടെ ഒരിക്കലും മദ്യം കഴിക്കരുത്. മരുന്നുകളുടെ സ്വാഭാവികമായ പ്രവർത്തനത്തെയാണ് ആൽക്കഹോൾ തടസ്സപ്പെടുത്തുന്നത്. മരുന്നിൻറെ ഘടനയെത്തന്നെ മാറ്റിമറിച്ച് ആൽക്കഹോൾ അപകടങ്ങൾ വിളിച്ചുവരുത്തുന്നു.

**കുട്ടികളെ രക്ഷിക്കാൻ പുതിയ നിയമം**

പുകയില, ബീഡി, സിഗററ്റ് അടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളുടെ ഇടയിൽനിന്ന് ഉന്മൂലനം ചെയ്യുന്നതിനുള്ള കർശനമായ നിയന്ത്രണച്ചട്ടങ്ങളുമായി കേന്ദ്ര വനിതാ, ശിശു ക്ഷേമ മന്ത്രാലയം. കുട്ടികളെ സംരക്ഷിക്കുന്ന ബാല സംരക്ഷണ കേന്ദ്രങ്ങളുടെ തൊട്ടടുത്ത് ലഹരി ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിക്കാനാണ് മന്ത്രാലയത്തിൻറെ തീരുമാനം. പുതിയ കെയർ ആൻറ് പ്രൊട്ടെക്ഷൻ ഓഫ് ചിൽഡ്രൺ ചട്ടമനുസരിച്ച് കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളുടെ 200 മീറ്റർ ചുറ്റളവിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളും കടകളും പ്രവർത്തിക്കാൻ പാടില്ല.

മാതാപിതാക്കൾ ഉപേക്ഷിച്ചവർ അടക്കമുള്ള അനാഥക്കുട്ടികൾ താമസിക്കുന്ന സ്ഥാപനങ്ങളെ ലക്ഷ്യമാക്കി ലഹരി ഉൽപ്പന്ന ലോബികൾ പ്രവർത്തനം വ്യാപിപ്പിച്ച സാഹചര്യത്തിലാണ് ഈ തീരുമാനം. ഇത്തരം സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതായി ഏറെ പരാതികൾ കിട്ടിയതിതിൻറെ വെളിച്ചത്തിലാണ് സർക്കാരിൻറെ ഭാഗത്തുനിന്നും ഈ നടപടി. ഈ നിയമം അനുസരിക്കാതെ കുട്ടികൾക്ക് ലഹരി ഉൽപ്പന്നങ്ങൾ വിൽക്കാൻ ശ്രമിക്കുന്നവർക്ക് ഏഴു വർഷം തടവുശിക്ഷയും ഒരു ലക്ഷം രൂപ വരെ പിഴയും കൊടുക്കേണ്ടിവരും. സ്കൂളുകളുടെ 100 മീറ്റർ പരിധിയിൽ ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടില്ല എന്ന നിയമം ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

പുകവലിക്കുന്നവരിൽ നിന്ന് കിട്ടുന്ന പുക കൊണ്ട് പുകവലിക്കാത്തവർക്കും മസ്തിഷ്കാഘാത സാധ്യത വർദ്ധിക്കുന്നതായി പഠനം തെളിയിക്കുന്നു. പുകവലിക്കുന്നവരുടെ വീട്ടിൽ താമസിക്കുന്ന മറ്റുള്ളവർക്കും സ്ട്രോട്രോക്ക് സംഭവിക്കുന്നതിൻറെ രഹസ്യം അറിയാനുള്ള അന്വേഷണത്തിലാണ് ഈ വസ്തുത പുറത്തുവന്നത്. പുകവലിക്കാരുടെ വീട്ടിൽ താമസിക്കുന്നവരുടെ മസ്തിഷ്കാഘാത രോഗ സാധ്യത 50 ശതമാനമാണെന്നും ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. 'സെക്കൻറ് ഹാൻറ് പുക' വലിയൊരു റിസ്ക് ആണ്. കഴിയാവുന്നത്ര അത് ഉഛ്വസിക്കാതിരിക്കാൻ ശ്രദ്ധിക്കുക. കുട്ടികളും യുവാക്കളും പരമാവധി പുകവലിക്കാരുടെ അടുത്തുനിന്നകന്നു നിൽക്കണം' ഗവേഷണത്തിൽ നേതൃസ്ഥാനം വഹിക്കുന്ന, ബാൽട്ടിമോറിലെ ജോൺ ഹോപ്കിന്സ് സ്കൂൾ ഒഫ് മെഡിസിനിലെ ഡോ. മൈക്കിൾ ലിൻ പറയുന്നു.

സിഗററ്റ് വലിക്കുന്നവരുടെ രോഗ സാധ്യതയെപ്പറ്റി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവരിൽനിന്ന് വരുന്ന പുക മറ്റുള്ളവരിൽ ഉണ്ടാക്കുന്ന രോഗസാധ്യതയെ സംബന്ധിച്ചുള്ള ആദ്യ പഠനമാണിതെന്നും ഗവേഷകർ പറയുന്നു. 18 വയസ്സിനു മുകളിലുള്ള, പുക വലിയ്ക്കാത്ത 28000 യുവാക്കളെ നിരീക്ഷിച്ചാണ് ഈ നിഗമനത്തിലെത്തിയത്. അവരിലെ കോട്ടിനൈൻരീശേിശില ( നിക്കോട്ടിനിൽ നിന്നുണ്ടാകുന്ന ഒരു വസ്തു) നില പരിശോധിച്ചപ്പോഴാണ് ഈ രോഗ സാധ്യത കൂടുതൽ വ്യക്തമായത്.

## മുതിർന്നവർക്ക് കരുതൽ വാക്സിനേഷൻ തീവ്രയജ്ഞം ജൂൺ 23 മുതൽ

കോട്ടയം: അറുപതു വയസിനു മുകളിലുള്ളവരുടെ കരുതൽ (മൂന്നാം) ഡോസ് കോവിഡ് വാക്സിനേഷൻ പൂർത്തീകരിക്കുന്നതിനായി ജില്ലയിൽ ജൂൺ 23 മുതൽ തീവ്ര യജ്ഞം നടത്തുമെന്ന് ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ അറിയിച്ചു. ഇതിനു മുന്നോടിയായി ജില്ലയിലെ തദ്ദേശസ്ഥാപന അധ്യക്ഷരെ ജില്ലാ കളക്ടർ അഭിസംബോധന ചെയ്തു. ജില്ലാ ഭരണകൂടവും ജില്ലാ ആരോഗ്യ വകുപ്പും ചേർന്ന് ആശ, ആരോഗ്യ പ്രവർത്തകരെ ഉപയോഗിച്ച് ജൂൺ 20 മുതൽ 22 വരെ ഭവന സർവേ നടത്തും. കരുതൽ വാക്സിനേഷൻ സ്വീകരിക്കാത്തവരെ കണ്ടെത്തി ജൂൺ 23 മുതൽ 25 വരെ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

ജില്ലയിൽ ഇതുവരെ 60 വയസിനുമുകളിലുള്ള 1.04 ലക്ഷം പേർ (40%) മാത്രമേ കരുതൽ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുള്ളൂ. 12 മുതൽ 14 വയസു വരെയുള്ള കുട്ടികളിൽ 75 ശതമാനം പേരും 15 മുതൽ 17 വരെയുള്ള കുട്ടികളിൽ 82 ശതമാനം പേരും 18 വയസിനു മുകളിലുള്ളവരിൽ മുഴുവൻ പേരും വാക്സിൻ സ്വീകരിച്ചു.

രാജ്യത്താകമാനം കോവിഡ് കേസുകൾ വീണ്ടും വർധിച്ചു വരുന്ന സാഹചര്യത്തിൽ മുതിർന്നവർക്ക് കരുതൽ ഡോസ് കൂടി നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലയിലും കോവിഡ് കേസുകൾ ക്രമാനുഗതമായി വർധിച്ചു വരുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ പറഞ്ഞു. പ്രായമായവരെ കൂടാതെ മറ്റു ഗുരുതര രോഗങ്ങൾ ബാധിച്ചവരും കരുതൽ വാക്സിൻ എടുക്കണം. ഇപ്പോൾ രോഗം സ്ഥിരീകരിക്കുന്നവരിൽ ഈ വിഭാഗങ്ങളിലുള്ളവർക്കാണ് ആശുപത്രി ചികിത്സയും ഐ.സി.യു പരിചരണവും ആവശ്യമായി വരുന്നത്. ഇതൊഴിവാക്കാൻ കരുതൽ ഡോസ് കൂടി സ്വീകരിക്കുന്നത് ഫലപ്രദമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നതായി ഡി.എം.ഒ. പറഞ്ഞു.

രണ്ടാം ഡോസ് വാക്സിൻ സ്വീകരിച്ച് ഒമ്പതു മാസം പിന്നിട്ടവർ കരുതൽ ഡോസ് സ്വീകരിക്കണം. മുതിർന്നവർക്കും, പ്രമേഹം, തുടങ്ങിയ ഇതര രോഗങ്ങൾ ഉള്ളവർക്കും ആരോഗ്യ പ്രവർത്തകർ, മുൻനിര പ്രവർത്തകർ എന്നിവർക്ക് കരുതൽ ഡോസ് സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സൗജന്യമായി സ്വീകരിക്കാം. 60 വയസിനു താഴെയുള്ള മേൽ വിഭാഗങ്ങളിൽ പെടാത്തവർക്ക് സ്വകാര്യ ആശുപത്രികളിൽ നിന്ന് അംഗീകൃത നിരക്കിൽ കരുതൽ ഡോസ് സ്വീകരിക്കാം.

## ആക്രമണത്തിന് എതിരെ പ്രതിഷേധ സംഗമം

കടലുണ്ടി: മണ്ണൂർ വളവിൽ കോൺഗ്രസ് പ്രവർത്തകർക്കു നേരെയുണ്ടായ സിപിഎം ആക്രമണത്തിനെതിരെ ഫറോക്ക് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ പ്രകടനവും പ്രതിഷേധ സംഗമവും നടത്തി.

എം.കെ.രാഘവൻ എംപി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് കെ.സുരേഷ് അധ്യ ക്ഷത വഹിച്ചു. കെപിസിസി ജനറൽ സെക്രട്ടറി പി.എം.നിയാസ്, ഡിസിസി ജനറൽ സെക്രട്ടറി കെ.തസ്‌വീർ ഹസ്സൻ, എംപി.ജനാർദനൻ, ജോബിഷ് പിലാക്കാട്ട്, ഷാജി പറശ്ശേരി, പ്രദീപ് പനേങ്ങൽ, എം.അഹമ്മദ്കോയ, പ്രഭാകരൻ തച്ചരൊടി, ഷാഹിദ് കടലുണ്ടി എന്നിവർ പ്രസംഗിച്ചു.

മണ്ണൂർ വളവിൽ സി പിഎം ആക്രമണത്തിൽ പരുക്കേറ്റു താലൂക്ക് ആശുപത്രിയിൽ ചി കിത്സയിലുള്ള കോൺഗ്രസ് പ്രവർത്തകരെ യുഡിഎഫ് നിയോജകമണ്ഡലം നേതാക്കൾ സന്ദർശിച്ചു.

ജനാധിപത്യ രീതിയിൽ നടത്തുന്ന പ്രതിഷേധങ്ങളെ അടിച്ചമർത്താനാണു ഭാവമെങ്കിൽ തിരിച്ചടിക്കുമെന്നു യുഡിഎഫ് ചെയർമാൻ കെ.കെ.ആലിക്കുട്ടിയും കൺവീനർ വി.മുഹമ്മദ് ഹസ്സനും അറിയിച്ചു.

വ്യക്തി പരിചയം

# കരുവാറ്റയിലെ കലാഹൃദയം



മിനി സജി

ആലപ്പുഴ ജില്ലയിലെ കരുവാറ്റ എന്ന കൊച്ചു ഗ്രാമത്തിൽ സുരേഷ് ഭവനത്തിൽ രാധാ കല്യാണിയുടേയും തമ്പി കൃഷ്ണൻ കുട്ടിയുടെയും മകനാണ് ഈ കലാകാരൻ അനിൽ കുമാർ . എന്ന അനിൽ കരുവാറ്റ : പഠന കാലത്തു തന്നെ കവിതകളും കഥകളും എഴുതുകയും ഒപ്പം സാഹിത്യ വായനകളും ഹൃദയത്തോട് ചേർത്തു വെച്ച കലാകാരൻ. കുമാരപുരം പബ്ലിക് ലൈബ്രററിയിൽ സാംസ്കാരിക എന്ന ക്ലബിലും പ്രവർത്തിച്ചു. മിമിക്രി രംഗത്ത് സ്ക്കൂൾ തലത്തിൽ ശ്രദ്ധ നേടി. സ്ക്കൂൾ നാടകങ്ങൾ, പ്രചന്ന വേഷം.. മോണോ ആകട് എന്നിവയുടെ മേക്കപ്പ്മാനും ഗുരുനാഥനും ആയി.. മാതൃഭൂമി സ്റ്റഡി സർക്കിൾ കവിതാ രചനാ മത്സരത്തിലും വിജയിയായി കേരളോത്സവങ്ങളിലും വിവിധ മത്സ ങ്ങളിൽ വിജയിയായി...വേണു നാഗവള്ളി. ചെറിയാൻ കൽപ്പ കവാടി കൂട്ടുകെട്ടിന്റെ രക്തസാക്ഷികൾ സിന്ദാബാദ് എന്ന സിനിമയുടെ ഭാഗമായി പ്രവർത്തിച്ചു. വിദേശത്തെ ജോലി തേടി പോയപ്പോഴും തന്നിലെ കലയോടുള്ള സ്നേഹം തുടർന്നു.. ഒരുസിനിമ നിർമ്മാതാവുമായി പരിചയപ്പെട്ടതു വഴി. കൊച്ചിയുടെ താരങ്ങൾ. എന്ന സിനിമയിൽ. മധു ബാലകൃഷ്ണൻ പ്രമീള വാര്യർ എന്നിവർ പാടിയ ഗാനം എഴുതാനും കഴിഞ്ഞു. നിരവധി കവിതകളും ഇതിനോടകം എഴുതി കഴിഞ്ഞു. മൂന്നോളം ഷോർട്ട് മൂവികളും ഒപ്പം തന്നെ. ആലപ്പി സുദർശനൻ.. ഹരിപ്പാട് ബ്രഹ്മൻ . അപ്പച്ചൻ പുന്ന പ്ര. എന്നിവര് അണിനിരത്തി വെബ് സീരിസും എഴുതി സംവിധാനം ചെയ്യതു.. 2009 ൽ പത്തനംതിട്ട ദൂരദർശൻ സ്ട്രീംങ്ങറായി. ജംഅ. ന്യൂസ്.. അമൃതാ ൻ് പ്രോഗ്രാം കോഡിനേറ്റർ .എൻ സി.വി. ന്യൂസ്: മെട്രോ ൻ്.. മലനാട് ൻ് നവകേരള ന്യൂസ് എന്നീ ചാനലുകളിലും (രാഷ്ട്രദീപിക കരുവാറ്റ ലേഖകൻ ).. സെവൻ വൺ ന്യൂസ്..എന്നിവയിൽ പ്രവർത്തിക്കുന്നു.. മൂന്ന് സിനിമയുടെ തിരക്കഥകൾ പൂർണ്ണമാക്കിയും. ഒരു മെഗാ സീരയിൽ. വൺ ലൈൻ എഴുതി വെച്ചു.. സമകാലിക പ്രസക്തമായ നിരവധി ചെറുതു വലുതുമായ കലാസൃഷ്ടികളുമായി ഈ കലാകാരൻ കാത്തിരിക്കുന്നു. നിമിഷ കവി എന്ന പേരിലും സൗഹൃദ സദസ്സുകളിൽ ഇതിനോടകം പേര് നേടി കഴിഞ്ഞു. ഗ്രാമത്തിനുള്ളിൽ ഒറ്റമുറി വീട്ടിൽ നിന്നും എഴുത്തിന്റെയും സിനിമയുടെയും വഴിയേ. പ്രത്യേകിച്ച് സംവിധാന രംഗത്തേക്ക് കുതിക്കുവാനുള്ള ആഗ്രഹത്തോടെ ആത്മാർത്ഥതയുടെ കലാഹൃദയങ്ങൾ പ്രോത്സാഹിപ്പിക്കാനായി തന്നെ തേടി എത്തും എന്ന പ്രതീക്ഷയിലാണ്. ഈ ഗ്രാമീണ കലാകാരൻ.



അനിൽ കരുവാറ്റ

## പോലീസ് വാഹനങ്ങൾ ഇനി സ്റ്റേഷന്റെ പൊതു ഉപയോഗത്തിന്

തിരുവനന്തപുരം: പോലീസ് സ്റ്റേഷൻ വാഹനങ്ങൾ എസ്.എച്ച്.ഒ. യുടെയോ എസ്.ഐ. യുടെയോ മാത്രം ആവശ്യത്തിനായി അനുവദിച്ചതല്ലെന്ന് പോലീസ് മേധാവി. ഇത്തരം വാഹനങ്ങൾ സ്റ്റേഷന്റെ പൊതു ഉപയോഗത്തിനായി അനുവദിച്ചതാണെന്ന് വ്യക്തമാക്കി സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സർക്കുലർ ഇറക്കി. എസ്.ഐ., എ.എസ്.ഐ., സി.പി.ഒ.മാർ എന്നിവരുടെ ഔദ്യോഗിക ചുമതല നിർവഹിക്കാൻ വാഹനങ്ങൾ ആവശ്യമുള്ളപക്ഷം സ്റ്റേഷൻ ഹൗസ് ഓഫീസർമാർ വാഹനം നൽകണമെന്നും പോലീസ് മേധാവി നിർദേശിച്ചു. എസ്.എച്ച്.ഒ., എസ്.ഐ. എന്നിവർ ഡ്യൂട്ടിയിലില്ലെങ്കിലും പോലീസ് സ്റ്റേഷൻ വാഹനങ്ങൾ സ്റ്റേഷനിലുണ്ടാകണം. എസ്.എച്ച്.ഒ.യും എസ്.ഐ.യും ഒരേ ഡ്യൂട്ടിക്കായി ഒരു സ്ഥലത്താണ് പോകുന്നതെങ്കിൽ അത് ഒറ്റവാഹനത്തിലാകണം. മറ്റു വാഹനങ്ങൾ സ്റ്റേഷൻ ഉപയോഗത്തിനായി ലഭ്യമാകണം. വാഹനങ്ങളിൽ സ്റ്റേഷന്റെ പേര് മാത്രമേ ഉണ്ടാകാവൂ. മറ്റു പദവികളോ സ്ഥാനപ്പേരുകളോ രേഖപ്പെടുത്തരുത്. ഉദ്യോഗസ്ഥർ ജില്ലയ്ക്കുപുറത്തുള്ള കോടതി ഡ്യൂട്ടികൾക്ക് പോകുമ്പോൾ വാഹനം ഉപയോഗിക്കരുത്. പകരം ട്രെയിൻ, ബസ് വാറന്റ് പ്രകാരം യാത്രചെയ്യാം. വാഹനങ്ങളുടെ ഉപയോഗം, പരിചരണം എന്നിവ എസ്.എച്ച്.ഒ.മാർ ഉറപ്പുവരുത്താനും നിർദേശിച്ചു. എല്ലാ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളുടെ പരിപാലനം ഉൾപ്പടെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു അസിസ്റ്റന്റ് സ്റ്റേഷൻ റൈറ്ററെ ചുമതലപ്പെടുത്തണം. വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന നടത്തണം. ഇന്ധന ക്വാട്ടയും നിശ്ചയിക്കണം. ക്രമസമാധാന ഡ്യൂട്ടികൾക്ക് പ്രാധാന്യം നൽകി ഇരു ചക്രവാഹനങ്ങളുടെ പുനർവിന്യാസം ആവശ്യമാണെങ്കിൽ അക്കാര്യം സംസ്ഥാനപോലീസ് മേധാവിയെ അറിയിക്കാനും നിർദേശിച്ചിട്ടുണ്ട്.




*ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി നടത്തുന്ന ഫോട്ടോ ഫെസ്റ്റ് വാഹന പ്രചരണ ജാഥ കല്ലായിൽ സ്വീകരണം നൽകിയപ്പോൾ*

## സ്വീകരണം നൽകി

കോഴിക്കോട് : ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി നടത്തുന്ന ഫോട്ടോ ഫെസ്റ്റ് 2022 ന്റെ വാഹന പ്രചരണ ജാഥക്ക കല്ലായിൽ സ്വീകരണം നൽകി. ചടങ്ങിൽ ജില്ലാ എക്സിക്യൂട്ടീവ് മെമ്പർ വേലായുധൻ,ജിതിൻ വളയനാട്,മേഖലാ കമ്മിറ്റി അംഗം അഫ്സൽ ചക്കുംകടവ്,യൂണിറ്റ് പ്രസിഡണ്ട് സാലിഹ്,സെക്രട്ടറി സജി ഒളവണ്ണ,മധു,ഹരീഷ്,മിനിപ്രദീപ്,സന്തോഷ്,ദിനേശ്,അസീസ്,രാമനുണ്ണി,സുന്ദരൻ,വിബീഷ് തുടങ്ങിയവർ സംസാരിച്ചു.

## വിജ്ഞാപനം റദ്ദാക്കി

കോഴിക്കോട് : ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) എൻ.സി.എ നാടാർ തസ്തികയുടെ ഗസറ്റ് വിജ്ഞാപന പ്രകാരം കാറ്റഗറി നമ്പർ 707/2021 അപേക്ഷകൾ ലഭിക്കാത്തതിനാൽ തിരഞ്ഞെടുപ്പ് നടപടികൾ റദ്ദാക്കിയതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## ഹിൻഡ് വെയർ രണ്ട് പുതിയ ഉല്പന്നങ്ങൾ അവതരിപ്പിച്ചു




കൊച്ചി : സമ്പൂർണ ബാത്ത്റൂം പരിഹാര സേവന ദാതാക്കളായ ഹിൻഡ് വെയർ, ഇറ്റാലിയൻ ശേഖരത്തിൽ നിന്നുള്ള ഈസി ക്ലീൻ കൗണ്ടർ ടോപ്പ് ബേസിൻ ഷവർ എൻക്ലോഷറുകൾ എന്നിവയാണ് പുതിയ ഉല്പന്നങ്ങൾ. ഹിൻഡ് വെയറിന്റെ പുതിയ ഉൽപന്ന ഫോർട്ട് ഫോളിയോ, വീടുകൾക്കും ഹോട്ടലുകൾക്കും വാണിജ്യ സൈറ്റുകൾക്കും അനുപേക്ഷണീയമാണ്. ജലം ലാഭിക്കുന്ന പുതിയ ഉല്പന്നങ്ങൾ ഹരിത സൗഹൃദപരമാണ്.

ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിൽ കമ്പനി പ്രതിജ്ഞാബദ്ധമാണെന്ന്, ഹിൻഡ് വെയർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുധാംശു പൊഖ്രിയാൽ പറഞ്ഞു. ശുചിത്വത്തിനും സുരക്ഷയ്ക്കുമാണ് തങ്ങൾ കൂടുതൽ ഊന്നൽ നല്കുന്നതെന്ന് സുധാംശു വ്യക്തമാക്കി. എല്ലാ ബാത്തുറൂം ആവശ്യങ്ങളും ഒരു കുടക്കീഴിൽ തന്നെ ലഭ്യമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് ഹിൻഡ് വെയർ വൈസ് പ്രസിഡന്റ് ചാരു മൽഹോത്ര ഭാട്ടിയ പറഞ്ഞു. ഇറ്റാലിയൻ ശേഖരത്തിൽ നിന്നുള്ള പുതിയ ഈസി ക്ലീൻ കൗണ്ടർ ടോപ്പ് ബേസിനുകൾ, ഒതുക്കമുള്ളതും സ്റ്റൈലിഷുമാണ്; ഓരോ ഉപയോഗത്തിനുശേഷവും ഓട്ടോമോറ്റി ആയി ബേസിൻ വൃത്തിയാക്കുന്നു. ബാത്ത് റൂം സദാസമയവും വൃത്തിയോടെയും പുതുമയോടെയും നിലനിർത്താൻ ഇത് സഹായകമാണ്. ബേസിന്റെ വലിപ്പം 59.5 സെമി ꞉ 45 സെമി ꞉ 16 സെമി ആണ്.

ഇറ്റാലിയൻ ശേഖരത്തിൽ നിന്നുള്ള മറ്റൊരു ഉല്പന്നമായ ഷവർ എൻക്ലോഷറുകൾ രൂപ കല്പനകൊണ്ടാണ് ശ്രദ്ധേയമാവുന്നത്. ഇവ ബാത്ത് റൂമുകളെ കൂടുതൽ ആകർഷണീയമാക്കുന്നു. വെള്ളം ഒരു നിശ്ചിത ഭാഗത്ത് നിയന്ത്രിച്ചു നിർത്തി, ശേഷിക്കുന്ന ഭാഗം നനവില്ലാതെ സൂക്ഷിക്കുകയും ചെയ്യുന്നു. ഒപ്പം കുളിമുറികളെ ബാക്ടീരിയ മുക്തം ആക്കുകയും ചെയ്യും. തെന്നി വീഴാനുള്ള സാധ്യതയും കുറവാണ്. സോപ്പ്, എണ്ണ എന്നിവ മൂലമുണ്ടാകുന്ന കറകളിൽ നിന്ന് കുളിമുറികളെ സംരക്ഷിക്കുകയും ചെയ്യും. പ്രീമിയം ഗുണനിലവാരമുള്ള ക്ലോസെറ്റുകൾ, ഫൗസെറ്റുകൾ, മിക്സറുകൾ, വാഷ്ബേസിനുകൾ എന്നീ 10 ഉല്പന്നങ്ങൾക്കു പുറമേ പുതിയവ കൂടി ചേർന്നപ്പോൾ ശേഖരത്തിൽ 12 എണ്ണമായി.

# അക്രമം അവസാനിപ്പിക്കാൻ സിപിഎം തയ്യാറായില്ലെങ്കിൽ ഭവിഷ്യത്ത് വലുതായിരിക്കും– കെ.സുധാകരൻ എം പി

തിരുവനന്തപുരം: കോൺഗ്രസ് ഓഫീസുകൾക്കും നേതാക്കൾക്കും പ്രവർത്തകർക്കുമെതിരായ അക്രമം അവസാനിപ്പിക്കാൻ സിപിഎം തയ്യാറായില്ലെങ്കിൽ അതിന്റെ ഭവിഷത്ത് വലുതായിരിക്കുമെന്ന് കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി. നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യാനെത്തിയ ഉമ തോമസിനോടൊപ്പം പേട്ടയിലെ വസതിയിൽ വെച്ച് മാധ്യമപ്രവർത്തകരോട് സംസാരിക്കുക ആയിരുന്നു അദ്ദേഹം.

അക്രമത്തിലൂന്നിയ രാഷ്ട്രീയഭരണ ശൈലിയാണ് മുഖ്യമന്ത്രിയും സിപിഎമ്മും ആഗ്രഹിക്കുന്നതെങ്കിൽ അധികം വൈകാതെ തന്നെ ഈ സർക്കാരിന്റെ പതനം ആസന്നമാകും. അക്രമങ്ങൾക്ക് ഒടുവിൽ സിപിഎം തലകുനിക്കേണ്ടിവരും. സിപിഎമ്മിന്റെ അക്രമരാഷ്ട്രീയത്തെ അതേ നാണയത്തിൽ തിരിച്ചടിക്കാൻ കോൺഗ്രസ് പ്രവർത്തകർക്കും കഴിയും.അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന പാരമ്പര്യമല്ല കോൺഗ്രസിന്റേത്. കോൺഗ്രസ് നേതൃത്വത്തിന്റെ അറിവോടെയല്ല വിമാനത്തിലെ മുഖ്യമന്ത്രിക്കെതിരായ യൂത്ത് കോൺഗ്രസ് പ്രതിഷേധം.പുതിയ സമരരീതി അവർ പരീക്ഷിച്ചതാകാമത്. അത്തരം ഒരു പ്രതിഷേധത്തെ കോൺഗ്രസ് ന്യായീകരിക്കുന്നില്ല. എന്നാൽ അവരുടെ ഉദ്ദേശശുദ്ധിയെ തള്ളിപ്പറയില്ല. വിമാനപ്രതിഷേധത്തിൽ മുഖ്യമന്ത്രിയുടെ പ്രായംപോലും അറിയാതെയാണ് പോലീസ് എഫ്.ഐ.ആർ തയ്യാറാക്കിയത്. വിമാനപ്രതിഷേധത്തിൽ സിപിഎം നുണപ്രചരിപ്പിക്കുകയാണ്.

യൂത്ത്കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ചത് ഇപി ജയരാജനാണ്.അദ്ദേഹത്തിനെതിരെ കോൺഗ്രസ് പരാതി നൽകിയിട്ടുണ്ട്. ഇപി ജയരാജനെതിരെ കേസെടുക്കണം.യൂത്ത് കോൺഗ്രസ് പ്രവർത്തകർ വിമാനത്തിൽ ആരേയും കയ്യേറ്റം ചെയ്തിട്ടില്ല.അവർ മദ്യപിച്ച് പ്രശ്നം ഉണ്ടാക്കിയെന്നാണ് ആദ്യം പറഞ്ഞത്. വൈദ്യപരിശോധനയിൽ ആ ആരോപണം കള്ളമാണെന്ന് തെളിഞ്ഞു.വായ് തുറന്നാൽ വിടുവായത്തരം പറയുന്ന വ്യക്തിയാണ് ഇപി ജയരാജനെന്നും സുധാകരൻ പരിഹസിച്ചു.

കറൻസി കടത്തലിൽ ഗുരുതര ആരോപണ വിധേയനായ മുഖ്യമന്ത്രിയുടെ രാജിക്കായുള്ള കോൺഗ്രസ് സമരം കൂടുതൽ ശക്തിപ്പെടുത്തും. ഈ ആരോപണത്തിൽ നിന്നും ജനശ്രദ്ധ തിരിക്കാനാണ് സിപിഎം അക്രമം അഴിച്ചുവിടുന്നത്. അത് വിലപ്പോകില്ല.സിപിഎമ്മിന്റെ വളർത്ത് ഗുണ്ടകളെപ്പോലെയാണ് കേരള പോലീസ് പ്രവർത്തിക്കുന്നത്.

സിപിഎം ഗുണ്ടകൾക്ക് മർദ്ദിക്കാൻ കോൺഗ്രസ് പ്രവർത്തകരെ പോലീസ് പിടിച്ചുവെയ്ക്കുന്നു. പ്രതിഷേധിച്ചതിന്റെ പേരിൽ കോൺഗ്രസ് പ്രവർത്തകരുടെ കണ്ണടിച്ച് പോലീസ് തകർക്കുന്നു. ഗുണ്ടകളെപ്പോലെ പ്രവർത്തിക്കുന്ന പോലീസിനെ കോൺഗ്രസിന് തള്ളിപ്പറയേണ്ടിവരും.നീതിബോധമുള്ളതും നിയമം നടപ്പിലാക്കുന്നതുമായ പോലീസ് സംവിധാനത്തെ മാത്രം കോൺഗ്രസ് അംഗീകരിക്കുമെന്നും മറിച്ചാണെങ്കിൽ അതിനെ അത്തരത്തിൽ തന്നെ നേരിടുമെന്നും സുധാകരൻ മുന്നറിയിപ്പ് നൽകി.

വനിതകൾക്ക് പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാടാണ് കോൺഗ്രസിന്റേത്. അതിന്റെ ഭാഗമാണ് രാജ്യസഭയിലേക്ക് ജെബി മേത്തറിനെയും നിയമസഭയിലേക്ക് ഉമ തോമസിനെയും കോൺഗ്രസ് അയച്ചത്.വനിതകൾക്കും യുവാക്കൾക്കും ദളിത്, പിന്നാക്ക വിഭാഗങ്ങൾക്കും പാർലമെന്ററിയൻ രംഗത്ത് കൂടുതൽ പ്രാധാന്യവും പരിഗണനയും നൽകുകയെന്നത് കോൺഗ്രസിന്റെ പുതിയ രാഷ്ട്രീയ നയത്തിന്റെ ഭാഗമാണ്. കെ.റെയിൽ പദ്ധതിയിൽ നിന്നും മുഖ്യമന്ത്രിക്ക് സ്വയം പിൻമാറേണ്ടി വരും. അത് വാട്ടർ ലൂ ആകുമെന്ന് ബോധ്യമുള്ളത് കൊണ്ടാണ് ഇപ്പോൾ കെ.റെയിൽ പദ്ധതിയിൽ നിന്നും മുഖ്യമന്ത്രി പിന്നോട്ട് പോകുന്നതെന്നും സുധാകരൻ പറഞ്ഞു.

## നാറ്റ്പാക് പരിശീലനം ജൂൺ 22 മുതൽ

കോഴിക്കോട് : സ്ഫോടക വസ്തുക്കൾ, എൽ.പി.ജി തുടങ്ങിയ പെട്രോളിയം ഉത്പന്നങ്ങൾ, രാസപദാർഥങ്ങൾ എന്നിവ സുരക്ഷിതമായി കൈകാര്യം ചെയ്യൽ, സുരക്ഷിത ഗതാഗതം സംബന്ധിച്ച് ഡ്രൈവർമാർക്ക് ലൈസൻസ് ലഭിക്കുന്നതിനുമുള്ള ശാസ്ത്രീയ പരിശീലനം ജൂൺ 22, 23, 24 തീയതികളിൽ നാറ്റ്പാക്കിന്റെ ആക്കുളം പരിശീലന കേന്ദ്രത്തിൽ നടക്കും. ഫോൺ : 04712779200, 9074882080

## ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യത്തിന് സ്കൂളുകൾ വിവരങ്ങൾ ലഭ്യമാക്കണം

കോഴിക്കോട്: ജില്ലയിലെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ്/ സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ. അഫിലിയേറ്റഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ അധികൃതർ www.egratnz.kerala.gov.in എന്ന പോർട്ടലിലൂടെ ഓൺലൈനായി ജൂൺ 30നകം പിന്നാക്ക വികസന വകുപ്പിന് ലഭ്യമാക്കണം. അർഹമായ തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും. ഫോൺ കോഴിക്കോട് മേഖലാ ഓഫീസ് 0495 2377786

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ് വാക്ക് ഇൻ ഇന്റർവ്യൂ

കോഴിക്കോട് : ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നു. യോഗ്യരായവർക്ക് ജൂൺ 18 രാവിലെ 10 മണിക്ക് സിവിൽ സ്റ്റേഷനിലെ ജില്ലാ ആരോഗ്യകേരളം ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. വിവരങ്ങൾക്ക് www.arogya keralam.gov.in സന്ദർശിക്കുക.

രേഖകൾ നഷ്ടപ്പെട്ടോ... തിരിച്ചുകിട്ടാൻ

പരസ്യം നൽകാം

News Kerala Daily

ന്യൂസ്കേരള
മലയാള ദിനപത്രം
സാസ് ടവർ, മിനി ബൈപാസ് ജംഗ്ഷൻ, മീഞ്ചന്ത, കോഴിക്കോട് – 673 018

വസ്തുപ്രമാണം • സർട്ടിഫിക്കറ്റുകൾ • മറ്റ് രേഖകൾ...
വിവാഹ മോചനം • ഫസ്ഖ് • പേര് മാറ്റം തുടങ്ങിയ
ക്ലാസിഫൈഡ് പരസ്യങ്ങൾ മിതമായ നിരക്കിൽ

കോഴിക്കോട് : 9995 093 491 , 9847 007 126
കണ്ണൂർ : 7012 252 195
തിരുവനന്തപുരം : 9447 792 155
എറണാകുളം : 9746 740 555
കൊല്ലം : 9947 381 422

കവിത



ശ്രീരഞ്ജിനി ചേവായൂർ

## പ്രണയച്ചുഴി

നിന്റെ ആകാശത്തിലാണ്
ഞാൻ പ്രണയാക്ഷരങ്ങൾ കുറിച്ചത്!
പലപ്പോഴും അനുവാദമില്ലാതെ
കോറിയിട്ടതെല്ലാം നീ മായ്ച്ചുവല്ലോ!!
മഴയുള്ള രാത്രികളിൽ
ഞാൻ പുതുയ്ക്കാതെ ഉറങ്ങിയത്
നിന്റെ രാപ്പനിച്ചൂടിലായിരുന്നു.
ഞാനിന്നാ ഓർമ്മകളുടെ കമ്പളം
അടക്കിപ്പിടിച്ചിരിയ്ക്കുകയാണ്.

നമ്മുടെ സീൽക്കാരങ്ങൾക്ക്
കാതോർത്ത ചുവരുകൾ പോലെ
നിർജീവമാണിന്നുള്ളം.
പണ്ട് ജാലകപ്പാളികളിലൂടെ
ഒളിഞ്ഞുനോക്കി നമ്മെ കളിയാക്കിയ
നിലാവെട്ടം എത്തിനോക്കുന്നുണ്ടിപ്പോഴും.
നിന്റെ ഓർമ്മകളിൽ നീലിച്ചുപോയ
വിഷാദരോഗിയാമെന്നെ നോക്കി
സഹതപിക്കയാവും നിലാവും നിശീഥിനിയും!
ഇല്ലിനി സ്വയമൊടുങ്ങാൻ!
ജീവിതം വെറും
പ്രണയമല്ലെന്നറിയുന്നു.
തിരസ്കരിക്കപ്പെട്ടതെല്ലാം
മനസ്സിനെ തളർത്തും നീർച്ചുഴി മാത്രം!!

കവിത



സമദ് മടവൂർ

## പൂനിലാവിനോട്

പൂനിലാവേ വാ വാ
പൊൻവെളിച്ചം താ താ
രാത്രിതൻ തൂമഞ്ഞിൽ
പാൽനിലാവായ് നീ വാ..

മാരിവില്ലിന്നഴകായ്
ചെമ്പകപ്പൂ മലരായ്
നീർമിഴി തുടയ്ക്കാൻ
നീലരാവിൽ വാ വാ..

പാരിജാതപ്പൂവിൻ
പരിമളം ചിറകേറ്റി
വീശിവന്നൊരു കാറ്റിൻ
കൂടെ നീയും വാ വാ..

മാനസത്തിൻ ശോകം
മാറ്റിടാൻ കുയിൽനാദം
പോലെ നീയും വന്ന്
തൂവെളിച്ചം താ താ..

കവിത



കനകം തുളസി

## തളരാതെ മുന്നേറാൻ

ആറ്റിത്തണുവേകാൻ
അകതാർ കൊതിക്കുന്നു
ആഴത്തിലേറ്റ മുറിവുണക്കാൻ.

ആരിലും കൊണ്ടിടാം
തെറ്റിന്റെ മുള്ളുകൾ
ആഴത്തിലായാലും
ചെയ്തിടാം കർമ്മങ്ങൾ.

അറിവിന്റെ ശാസ്ത്രവും
മരുന്നായി ചേർത്തിടാം
അലിവിന്റെ മേമ്പൊടി
മനസ്സാലെയേകീടാം.

അനുകമ്പയേകേണം
അഴലിന്റെ രജനിയിൽ
അണിയുന്ന ചിരിയുടെ
പൊയ്മുഖം കാണേണം.

അരുതാത്തതൊന്ന്
അകമേയേറ്റുമ്പോൾ
അവിടെത്തുടങ്ങേണം
അരുതെന്ന
അറിവിന്റെയാത്മയുദ്ധം.

ഏതേതു കടലാലും
ഏതേതു കരയാലും
ഏകാന്ത തീരത്തിൽ
പങ്കിടും തിരയുടെ
നൊമ്പരച്ചിന്തുകൾ.

ഇരു ഹൃദയങ്ങളാൽ
ഒരുമാല കോർത്തിട്ട്
ഇരുവഞ്ചി തുഴയുമ്പോൾ
ഇഴയാഴങ്ങളിൽ
മൊഴിയാഴം കേൾക്കാതെ
മിഴിയാഴം പെയ്യുന്നു
പെരുമഴക്കോലങ്ങളായ്.

ഇണക്കുയിലകലുമ്പോൾ
ഇടനെഞ്ചിടറുമ്പോൾ
ഇതളിട്ട മലരുകൾ വാടിടുമ്പോൾ

ഇനിയൊരു കനവിന്റെ
ഇശൽത്തേൻ പൊഴിക്കേണം
ഇമ്പത്തിൻ
തുമ്പത്തിലൂയലാടാൻ.

ഇണക്കവും പിണക്കവും
ഈ മന്നിലെന്നും
ഇതളിടും പൂവിലെ കൂട്ടരല്ലോ.

ഇതൾചൂടി വിടരേണം
ഇടറാതെ നിൽക്കേണം
ഇടനെഞ്ചിന്നാഴത്തിൽ
ചുഴി മാറ്റിത്തുഴയേണം.

ജീവിതത്തോണി തൻ
നെഞ്ചിലേറുമ്പോൾ
തുഴ പോകാതെ കാക്കേണമെന്നും.
തളരാതെ നിന്നങ്ങ്
ഇരുകര കാണുവാൻ
ഇരുഹൃദയമൊന്നായ്
നയിച്ചിടേണം.



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് കോഴിക്കോട് റീജിയണൽ ഓഫീസ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# കിലെ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് മേഖലാ ഓഫീസ് ഉദ്ഘാടനം ചെയ്തു

കോഴിക്കോട് : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (കിലെ) കോഴിക്കോട് മേഖലാ ഓഫീസ് ഉദ്ഘാടനം ടി പി രാമകൃഷ്ണൻ എം എൽ എ നിർവഹിച്ചു.

വ്യത്യസ്ത തൊഴിൽ മേഖലകളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് തൊഴിലാളികൾക്ക് തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കേണ്ടതുണ്ടെന്ന് എം.എൽ.എ പറഞ്ഞു. അതിനു സഹായകരമാകുന്ന രീതിയിൽ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡുമായി സഹകരിച്ച് പരിശീലനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നു.

കേരളത്തിൽ ഇന്ന് നിലവിലുള്ള അസംഘടിത തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കും. തൊഴിലാളികൾക്കും കുടുംബങ്ങൾക്കും സഹായകരമാവുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വ്യത്യസ്ത മേഖലകളിൽ തൊഴിലെടുക്കുന്ന അതിഥിതൊഴിലാളികളെ കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ ഭാഗമാക്കി മാറ്റാനാണ് ശ്രമിക്കുന്നതെന്നും എം.എൽ.എ പറഞ്ഞു.

മലബാർ മേഖലയിൽ കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, മലബാറിലെ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ ഗവേഷണ പഠനങ്ങൾ നടത്തുക, കിലെ പ്രസിദ്ധീകരണങ്ങൾ കൂടുതൽ തൊഴിലാളികളിലേക്ക് എത്തിക്കുക, തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമായി നടത്തിവരുന്ന സിവിൽ സർവീസ് കോച്ചിംഗ്, മറ്റു കോഴ്സുകൾ എന്നിവ മലബാർ മേഖലയിലും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മേഖലാ ഓഫീസ് ആരംഭിച്ചത്.

കിലെ ചെയർമാൻ കെ. എൻ. ഗോപിനാഥ് അധ്യക്ഷനായി. കിലെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായ ടി. കെ. രാജൻ, കെ. മല്ലിക, പി. കെ. അനിൽകുമാർ, വിവിധ തൊഴിലാളി യൂണിയൻ നേതാക്കളായ പി.കെ മുകുന്ദൻ, കെ രാജീവ്, പി.കെ നാസർ, സെൽവരാജ്, കെ എം കോയ, കെ.കെ കൃഷ്ണൻ എന്നിവർ സംസാരിച്ചു. കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ് സ്വാഗതവും സീനിയർ ഫെലോ ജെ എൻ കിരൺ നന്ദിയും പറഞ്ഞു.


# ലോക വയോജന പീഡനവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു

കോഴിക്കോട് : വയോജന സംരക്ഷണം സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന് ലിന്റോ ജോസഫ് എം.എൽ.എ. ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ലോക വയോജന പീഡനവിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വയോജന പരിചരണത്തിലും സംരക്ഷണത്തിലും യുവതലമുറയുടെ പങ്ക് വലുതാണ്. വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കൊപ്പം സമൂഹവും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

പ്രായമായവരുടെ അവഗണനയെയും ദുരുപയോഗത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ലോകവ്യാപകമായി ഈ ദിനം ആചരിക്കുന്നത്. ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽനടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി അധ്യക്ഷത വഹിച്ചു. സബ്കലക്ടർ വി ചെൽസാസിനി വയോജന ദിന സന്ദേശം നൽകി. പ്രതിജ്ഞാ വാചകം ലിന്റോ ജോസഫ് എം.എൽ.എ ചൊല്ലിക്കൊടുത്തു. പരിപാടിയോടനുബന്ധിച്ച് വയോജന അവകാശ സന്ദേശ യാത്ര നടത്തി.

കെ.എസ്.എസ്.എം മേഖലാ ഡയറക്ടർ ഡോ. പി.സി സൗമ്യ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഹമ്മദ് കബീർ, ഗവ. ലോ കോളേജ് അസി. പ്രൊഫസർ അഞ്ജലി പി നായർ, കെ എം ജയരാജൻ, കെ.രാജീവൻ, പി.കെ ലക്ഷ്മിദാസ് എന്നിവർ സംസാരിച്ചു.

മുതിർന്ന പൗരന്മാരുടെ ശാരീരിക മാനസിക പ്രശ്നങ്ങളും പ്രതിവിധിയും, വയോജന സംരക്ഷണവും നിയമങ്ങളും എന്നീ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു. മെഡിക്കൽ ഓഫീസർ ഡോ.രാഹുൽ, അഡ്വ. സി.കെ സീനത്ത് എന്നിവർ ക്ലാസെടുത്തു. പരിപാടിയോടനുബന്ധിച്ച് കോഴിക്കോട് ഗവ. ലോ കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബും നാടകവും അവതരിപ്പിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ അഷ്റഫ് കാവിൽ സ്വാഗതവും കേരള സാമൂഹ്യ സുരക്ഷാ മിഷൻ നോർത്ത് റീജ്യൺ പ്രോഗ്രാം കോ-ഓഡിനേറ്റർ എം.പി ഫൈസൽ നന്ദിയും പറഞ്ഞു.






Regd. No.RN-55193/94, Printer, Publisher and Editor: P. Mohammad Nizar (Responsible for selection of news under PRB Act ) Printed at Red star Printers & Publishers Pvt.Ltd, Joseph Road, Kozhikode- 673032 and Published at 23/516-C 5, 2nd Floor, Saas Tower, Mini Bypass Jn., Meenchantha, Kozhikode - 673 018 , Phone: 0495- 2322138. E-mail: newskeraladaily@gmail.com, newskerala01@yahoo.com